# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടലുണ്ടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി1/252/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 14/02/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടലുണ്ടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി1/252/22 തീയ്യതി: 14/02/2022

## കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വാസുദേവൻ.എം | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്) | 15-01-2022 | 31-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-01-2022 | 31-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഹരി.കെ.പി - ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. ശ്രീജ തെക്കൻ - ഓഡിറ്റ് ഓഫീസർ
(17.01.22 മുതൽ 22.01.22 വരെയുള്ള ദിവസങ്ങൾ ഒഴികെ)
ശ്രീമതി.ജിഷ സാമുവൽ - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രാമദാസ്.എം - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (25.01.22 മുതൽ 31.01.22)
ശ്രീമതി.ജിഷ.പി - ഓഡിറ്റർ
ശ്രീമതി.റെൻസി.ഇ - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സി.കെ.അജയകുമാർ | പ്രസിഡന്റ് | 01-04-2020 | 30-10-2020 |
| ശ്രീമതി.അനുഷ.വി | പ്രസിഡന്റ് | 01-11-2020 | 31-03-2021 |
| ശ്രീ.അബ്ദുൽ മുദ്രാദീർ.കെ.എം | സെക്രട്ടറി | 01-04-2020 | 09-12-2020 |
| ശ്രീ.ഫാസിൽ ഷാ.ഐ | സെക്രട്ടറി | 22-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അഷറഫ്.വി.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീ.ജോഷി ജോസ്.സി.ജെ | അസിസ്റ്റന്റ് സെക്രട്ടറി | 29-06-2020 | 31-03-2021 |
| ശ്രീ.ഷനൂപ്.എം.ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 30-09-2020 |
| ശ്രീ.മനോജ് കുമാർ.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-10-2020 | 31-03-2021 |
| ശ്രീമതി.പുഷ്പ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 30-11-2020 |
| ശ്രീമതി.മോനിഷ.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-12-2020 | 31-03-2021 |
| ശ്രീമതി.ബിന്ദു.സി.വി | വി.ഇ.ഒ | 01-04-2020 | 22-10-2020 |
| ശ്രീമതി.ഷീജ.എം | വി.ഇ.ഒ | 23-10-2020 | 31-03-2021 |
| ശ്രീ.വിജീഷ്.വി | വി.ഇ.ഒ | 01-04-2020 | 17-01-2021 |
| ശ്രീ.പ്രശാന്ത്.ആർ | വി.ഇ.ഒ | 18-01-2021 | 31-03-2021 |
| ശ്രീമതി.പ്രിൻസി.എസ് | വെറ്റിനറി സർജൻ | 01-04-2020 | 30-10-2020 |
| ശ്രീ.ആനന്ദ്.എം | വെറ്റിനറി സർജൻ | 01-11-2020 | 31-03-2021 |
| ശ്രീമതി.അപർണ്ണ.കെ.എസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.റഷീദ്.പി | ഹെഡ് മാസ്റ്റർ | 01-04-2020 | 17-06-2020 |
| ശ്രീ.സത്യൻ.കെ | ഹെഡ് മാസ്റ്റർ | 02-11-2020 | 31-03-2021 |
| ശ്രീമതി.ശ്രീകാന്തി.എൻ | ഡെയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 11-02-2021 |
| ശ്രീ.സുനിൽ കുമാർ.പി | ഡെയറി എക്സ്റ്റെൻഷൻ ഓഫീസർ | 12-02-2021 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി.ബിസ്ന.വി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 01-12-2020 |
| ശ്രീ.ശാന്തകുമാർ | ഫിഷറീസ് ഇൻസ്പെക്ടർ | 01-12-2020 | 31-03-2021 |
| ഡോ.യദുനന്ദനൻ.കെ.പി | മെഡിക്കൽ ഓഫീസർ( ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ഡോ.രൂപ ജിനദേവൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.ഫെബിന.സി.പി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2020 | 03-06-2020 |
| ഡോ.അരവിന്ദ് ജോഷി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 04-06-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jisha.P (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 1-1 |
| 2 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jisha.P (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 11-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Jisha.P (Auditor, On 05-02-2022)<br>Last Updated By: Vasudevan M (Deputy Director, On 11-02-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Jisha.P (Auditor, On 05-02-2022)<br>Last Updated By: Vasudevan M (Deputy Director, On 11-02-2022) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകത<br>Written By: Jisha.P (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 11-02-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Jisha.P (Auditor, On 05-02-2022)<br>Last Updated By: Vasudevan M (Deputy Director, On 11-02-2022) | 1-5 |
| 7 | ക്യാഷ് പരിശോധന<br>Written By: Rency E (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 11-02-2022) | 1-6 |
| 8 | അക്കൗണ്ടിങ്ങിലെ അപാകതകൾ<br>Written By: Jisha.P (Auditor, On 05-02-2022)<br>Last Updated By: Vasudevan M (Deputy Director, On 11-02-2022) | 1-7 |
| 9 | റീകൺസീലിയേഷൻ പത്രികകൾ ഹാജരാക്കിയില്ല<br>Written By: Jisha.P (Auditor, On 05-02-2022)<br>Last Updated By: Vasudevan M (Deputy Director, On 11-02-2022) | 1-8 |
| 10 | അനധികൃത നിർമ്മാണം - പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല<br>Written By: Hari. K.P (Audit Officer (HG), On 05-02-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 1-9 |
| 11 | അനധികൃത നിർമ്മാണവും , തരം മാറ്റലും സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നില്ല<br>Written By: Hari. K.P (Audit Officer (HG), On 05-02-2022)<br>Last Updated By: Vasudevan M (Deputy Director, On 11-02-2022) | 1-10 |
| 12 | കെട്ടിട നിർമ്മാണം നിർത്തിവെച്ചതായി അറിയിച്ചു, പക്ഷെ പ്രവൃത്തി പൂർത്തിയാക്കി<br>Written By: Hari. K.P (Audit Officer (HG), On 05-02-2022)<br>Last Updated By: Vasudevan M (Deputy Director, On 11-02-2022) | 1-11 |
| 13 | തൊഴിൽ നികുതിയിലെ പ്രധാന അപാകതകൾ<br>Written By: Rency E (Auditor, On 31-01-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 1-12 |
| 14 | ജങ്കാർ സർവീസ് പിഴപ്പലിശ ഈടാക്കിയതിലെ അപാകത<br>Written By: Rency E (Auditor, On 31-01-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 1-13 |
| 15 | ഇ ടെണ്ടർ തുക എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് ഈടാക്കിയില്ല<br>Written By: Rency E (Auditor, On 31-01-2022)<br>Last Updated By: Vasudevan M (Deputy Director, On 11-02-2022) | 1-14 |
| 16 | മേഖല, റോഡിന്റെ വീതി, തറയുടെ തരം എന്നിവ പരിഗണിക്കാതെ നികുതി അസസ് ചെയ്യുന്നു | 1-15 |

| | | |
|---|---|---|
| | Written By: Rency E (Auditor, On 01-02-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | |
| 17 | വസ്തുനികുതി കണക്കാക്കിയതിൽ കുറവ്<br>Written By: Rency E (Auditor, On 01-02-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 1-16 |
| 18 | വാടക കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു.<br>Written By: Rency E (Auditor, On 31-01-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 1-17 |
| 19 | ടാർ വില സർക്കാരിലേക്ക് തിരിച്ചടച്ചില്ല<br>Written By: Rency E (Auditor, On 31-01-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 1-18 |
| 20 | നിലവിലുള്ള തെരുവു വിളക്കുകളും വൈദ്യുതി ചാർജ്ജും അപഗ്രഥിക്കാതെ നിലാവ് പദ്ധതി തെരഞ്ഞെടുത്തു - വർഷം തോറും ലക്ഷങ്ങൾ പാഴാകുന്നു.<br>Written By: Sreeja Thekkan (Audit Officer, On 31-01-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 1-19 |
| 21 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗവിവരം ലഭ്യമല്ല.<br>Written By: Sreeja Thekkan (Audit Officer, On 31-01-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 1-20 |
| 22 | വരൾച്ചാ ദുരിതാശ്വാസ കുടിവെള്ള വിതരണം- നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Sreeja Thekkan (Audit Officer, On 31-01-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 1-21 |
| 23 | പഞ്ചായത്ത് ഓഫീസിലേക്കും ഘടക സ്ഥാപനങ്ങളിലേക്കും അങ്കണവാടികളിലേക്കും ജപ്പാൻ കുടിവെള്ള കണക്ഷൻ -സെന്റേജ് ചാർജ്ജ് അധിക നിരക്കിൽ ഈടാക്കി,പ്രവൃത്തി പൂർത്തീകരിച്ചില്ല.<br>Written By: Sreeja Thekkan (Audit Officer, On 31-01-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 1-22 |
| 24 | വി.ഇ.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങിയ വകയിൽ കെൽട്രോണിന് അധിക തുക നൽകി<br>Written By: Sreeja Thekkan (Audit Officer, On 31-01-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 1-23 |
| 25 | സ്ട്രീറ്റ് ലൈറ്റ് റിപ്പയർ -പ്രോജക്ട് നിർവ്വഹണം അപാകതകൾ<br>Written By: Sreeja Thekkan (Audit Officer, On 31-01-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 1-24 |
| 26 | ലാപ് ടോപ്പ് വാങ്ങി വിതരണം ചെയ്യാതെ സൂക്ഷിക്കുന്നു.<br>Written By: RAMDAS M. (Asst. Audit Officer, On 01-02-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 1-25 |
| 27 | പ്രവൃത്തി പൂർത്തീകരിച്ചില്ല – ഫൈനൽ ബിൽ തുക നൽകാതെ പദ്ധതി ഉപേക്ഷിച്ചു<br>Written By: Jisha Samuel (Asst. Audit Officer, On 01-02-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 1-26 |
| 28 | ബിൽ തുക പിൻവലിക്കുമ്പോൾ പിഴ തുക പിൻവലിക്കുന്നില്ല<br>Written By: Jisha Samuel (Asst. Audit Officer, On 01-02-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 1-27 |
| 29 | പദ്ധതി സമഗ്രമായി തയ്യാറാക്കുന്നില്ല – പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം<br>Written By: Jisha Samuel (Asst. Audit Officer, On 01-02-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 1-28 |
| 30 | ഇ-ടെണ്ടറിൽ പങ്കെടുത്തവരെ തന്നെയാണോ പ്രവൃത്തി ഏൽപ്പിക്കുന്നതെന്ന് ഉറപ്പാക്കുന്നില്ല<br>Written By: Jisha Samuel (Asst. Audit Officer, On 01-02-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 1-29 |

| | | |
|---|---|---|
| 31 | വൗച്ചറുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല<br>Written By: Jisha.P (Auditor, On 05-02-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 1-30 |
| 32 | സർവ്വീസ് ബുക്കിലെ അപാകതകൾ<br>Written By: Jisha.P (Auditor, On 05-02-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jisha.P (Auditor, On 19-01-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jisha.P (Auditor, On 05-02-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jisha.P (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jisha.P (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jisha.P (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Jisha.P (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jisha.P (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jisha.P (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jisha.P (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jisha.P (Auditor, On 05-02-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jisha.P (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 14-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

കടലുണ്ടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.3.20 തിയ്യതിയിലെ 1/2 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 2020-21 വർഷത്തെ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 18625403 |
| വരവ് | 259614000 |
| ചെലവ് | 263332500 |
| നീക്കിയിരിപ്പ് | 14906903 |

തൻവർഷത്തെ ബജറ്റ് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ബജറ്റ് വ്യതിയാനങ്ങൾ പുതുക്കാത്തത് സംബന്ധിച്ച്

ബജറ്റിൽ ഉൾപ്പെടാത്ത ഇനത്തിനോ വകയിരുത്തിയതിനേക്കാൾ കൂടുതലോ ചെലവഴിക്കേണ്ട അവസരത്തിൽ ബജറ്റ് പുതുക്കുകയോ, സപ്ലിമെന്ററായി ബജറ്റ് അംഗീകരിച്ച മാത്രമേ തുക ചെലവഴിക്കാവൂ. കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 214 (5)പ്രകാരം ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനത്തിന് തുക ചെലവഴിച്ചെങ്കിൽ, തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ പുതുക്കിയ സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച പാസ്സാക്കേണ്ടതാണ്. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല വരവ് /ചെലവ് വകയിരുത്തലുകളുടെ കാര്യത്തിൽ ബജറ്റ് വ്യതിയാനം വന്നത് വർഷാവസാനം ബജറ്റ് പുതുക്കുമ്പോൾ പോലും ക്രമീകരിച്ചില്ല. ചില വിശദംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക് പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 255 | 19450000 | 15716203 | 24728047 |

ബജറ്റ് പ്രൊവിഷൻ അധികരിച്ച ചെലവ് ചെയ്തത് പോലെ വളരെ കുറഞ്ഞ വരവ് /ചെലവുകളും ഉണ്ടായിട്ടുണ്ട്. കൃത്യതയില്ലായ്മ വെളിവാക്കുന്ന ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക് പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 110 | 13525000 | 8098146 | 8311393 |

| | | | | |
|---|---|---|---|---|
| 2 | 130 | 408000 | 239272 | 140740 |
| 4 | 171 | 120000 | 150000 | 312057 |
| 5 | 180 | 20000 | 20000 | 132 |
| 6 | 210 | 26350000 | 19003000 | 13705794 |
| 7 | 230 | 2655000 | 4957500 | 4157086 |
| 8 | 251 | 61840000 | 57283661 | 41707868 |
| 9 | 253 | 1920000 | 2397700 | 485137 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214, ഗ്രാമപഞ്ചായത്തുകൾക്കുള്ള ബജറ്റ് മാന്വൽ എന്നിവ പ്രകാരം ഡിസംബർ അവസാന വാരം നിർവ്വഹണ ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ സംബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം. 18.12.19 ന് 2020-21 വർഷത്തേയ്ക്കുള്ള നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും പ്രൊപ്പോസൽ ആവശ്യപ്പെട്ടെങ്കിലും കൃഷി ഓഫീസർ,മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) എന്നിവർ മാത്രമാണ് ആയത് ലഭ്യമാക്കിയത്. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രപ്പോസലുകളൊന്നും ബജറ്റ് ഫയലിൽ ലഭ്യമല്ല.

ബജറ്റ് പ്രൊവിഷനെക്കാൾ കൂടുതൽ/കുറവ് തുക ചെലവഴിച്ചതും ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനത്തിൽ തുക ചെലവഴിച്ചതും ബജറ്റ് തയ്യാറാക്കുന്നതിൽ നടപടി ക്രമങ്ങൾ പാലിക്കാത്തതിനും വിശദീകരണം നൽകേണ്ടതാണ്.

1-2 വാർഷിക കണക്കിലെ അപാകതകൾ

1. 2020-21 വർഷം എല്ലാ മാസത്തെയും റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. ആയതിനാൽ അക്കൗണ്ടസ് പ്രകാരമുള്ള നീക്കിയിരിപ്പ്, സ്റ്റേൽ ചെക്കുകൾ എന്നിവ പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല.

2. RP43 പ്രകാരം വാടക അരിയർ ഇനത്തിൽ 87375/- രൂപയാണ് വരവ്. എന്നാൽ രജിസ്റ്റർ പ്രകാരം 89775/- രൂപ വരവുണ്ട്.

3. തൊഴിൽ നികുതി ജീവനക്കാർ, ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം വരവ് വന്ന തുകയും അക്കൗണ്ട്സിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4.എ.ഇ യുടെ അക്കൗണ്ടിൽ Sale Of Tender Forms ഇനത്തിൽ വരവ് വന്നിട്ടുള്ള തുക തനത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല.

5.ബാലൻസ് ഷീറ്റ് B 7 ൽ ഉൾപ്പെട്ട 3 വർഷ കാലാവധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല (Suppliers Emd, Bidders Emd, Suppliers Security Deposit,contractors Security Deposit Etc.)

6.ബാലൻസ് ഷീറ്റ് B 18 ഷെഡ്യൂൾ പ്രകാരമുള്ള തുകകൾ ക്രമീകരിച്ചിട്ടില്ല.

Advance To Implementing Agencies KSEB യ്ക്ക് 20.3.13 Street Light Metering ഇനത്തിൽ നൽകിയ തുക 2,38,500/- രൂപ ഇത് വരെ ക്രമീകരിച്ചിട്ടില്ല.

Advance To Implementing Officer ഹെഡിൽ 7,77,000 രൂപ എന്നത് L.P.G ശ്മശാനം നിർമ്മാണത്തിനായുള്ള തുകയാണ്. ആയത് ഇത് വരെ ക്രമീകരിച്ചിട്ടില്ല. ഹെഡ് തെറ്റായാണ് രേഖപ്പെടുത്തിയത്.

Other Advances ഹെഡിൽ കേരളോത്സവത്തിന് 15.9.2017 ൽ നൽകിയ അഡ്വാൻസ് തുക (25000രൂപ) ഇത് വരെ ക്രമീകരിച്ചിട്ടില്ല.

Advance To Beneficiary Committee Mobilisation Advance ഇനത്തിൽ 2016-17 നൽകിയ 1,21,250 രൂപ ക്രമീകരിച്ചിട്ടില്ല.

7. എ.എഫ്.എസ് പ്രകാരം Temporary Advance For Official Purposes എന്ന ഹെഡിൽ 859724/- രൂപ ആണ് ഉള്ളത് എന്നാൽ രജിസ്റ്റർ പ്രകാരം 8,96,386 രൂപ അവശേഷിക്കുന്നു.

8. എ.എഫ്.എസ് പ്രകാരം Advance To Others എന്ന ഹെഡിൽ 17800/- രൂപ ഉണ്ട് എന്നാൽ രജിസ്റ്റർ പ്രകാരം പ്രസ്തുത ഹെഡിൽ തുകയൊന്നും അവശേഷിക്കുന്നില്ല.

9. KURDFC ലോൺ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

10. RP-31 പ്രകാരം Grants, Funds And Contributions For Specific Purposes-other Government Agencies 320300199 എന്ന ഹെഡിൽ 8,98,932 വരവ് ഉണ്ട്. എന്നാൽ ഇത് സംബന്ധിച്ച എ.സി.ആർ ലഭ്യമല്ല.

11.വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം

പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. ഈ തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് വീഴ്ചയാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 22/2020-21 തിയ്യതി 31.1.22) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21660412 |
| വരവ് | 106694979 |
| ആകെ | 128355391 |
| ചെലവ് | 102946678 |
| നീക്കിയിരിപ്പ് | 25408713 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 18307166 | 18307166 | 15826442 | 2480724 |
| വികസന ഫണ്ട് (SCP) | 0 | 6889568 | 6889568 | 5947182 | 942386 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 7640000 | 7640000 | 1844232 | 5795768 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 17830218 | 17830218 | 11799966 | 6030252 |
| മെയിന്റനൻസ് (നോൺ റോഡ്) | 0 | 5645318 | 5645318 | 4713649 | 931669 |
| മെയിന്റനൻസ്(റോഡ്) | 0 | 18822000 | 18822000 | 18761059 | 60941 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഐ.സി.ഡി.എസ്) | 607659 | 1588233 | 2195892 | 926416 | 1269476 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ശുചിത്വം) | 605570 | - | 605570 | - | 605570 |

| | | | | | |
|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ട് (കാവ്, ക്ഷേത്രം) | 184225 | - | 184225 | - | 184225 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (വിമുക്തി) | 29950 | 1106210 | 1136160 | 1106210 | 29950 |

## 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകത

വിവിധ ഫണ്ടിനങ്ങളുടെ വ്യത്യസ്ത മേഖലയിലെ അലോക്കേഷൻ തുക സുലേഖ ചെലവു പത്രികയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു

| ഫണ്ടിനം | മേഖല | സുലേഖയിലെ അലോക്കേഷൻ | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അലോക്കേഷൻ |
|---|---|---|---|
| വികസനഫണ്ട് ജനറൽ | ഉത്പാദനം | 7181640 | 12878740 |
| | സേവനം | 15208589 | 53217389 |
| വികസനഫണ്ട് എസ്.സി.പി. | സേവനം | 7453873 | 22391668 |
| സംരക്ഷണഗ്രാന്റ് റോഡിതരം | സേവനം | 3445055 | 8245055 |
| സംരക്ഷണഗ്രാന്റ് റോഡ് | പശ്ചാത്തലം | 26190555 | 27474020 |

മേൽ വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 317 | 124076409 | 235 | 75881641 | 61% |

മുൻ വർഷത്തെ സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി വകയിരുത്തിയ തുകയും അതിൽനിന്നുള്ള ചെലവും പരിഗണിക്കുമ്പോൾ ഗ്രാന്റുകളുടെ പൂർണ്ണമായ വിനിയോഗം നടന്നതായി കാണുന്നില്ല. വകയിരുത്തിയ തുകയുടെയും അലോട്ട്മെന്റിന്റെയും വിശദാംശം താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | വരവ് | വകയിരുത്തിയത് | ബജറ്റ് അലോട്ട് മെന്റ് | അവസാന അലോട്ട് മെന്റ് | 2 – 3 | 4 – 3 |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 1 | പ്ലാൻ ഫണ്ട് (ജനറൽ ) | 23618676 | 18704000 | 18307166 | 4914676 | -396834 |
| 2 | SCP | 8753873 | 7036000 | 6889568 | 1717873 | -146432 |
| 3 | CFC ( T) | | - | 7640000 | -7640000 | 7640000 |
| 4 | CFC (U) | 19606441 | 13574000 | 17830218 | 6032441 | 4256218 |
| 5 | മെയിന്റനൻസ് (NR) | 6067289 | 5703000 | 5645318 | 364289 | -57682 |
| 6 | മെയിന്റനൻസ് റോഡ് | 26190555 | 18822000 | 18822000 | 7368555 | 0 |
| | ആകെ | 84236834 | 63839000 | 75134270 | 12757834 | 11295270 |

വാർഷിക പദ്ധതിയിൽ സ്പിൽഓവർ പദ്ധതികൾക്കായി മേൽ ഗ്രാന്റുകളിൽ നിന്നും 12757834 രൂപ ബജറ്റ് വിഹിതത്തിന് ഉപരിയായി വകയിരുത്തിയിട്ടുണ്ട്. 2019 – 20 വർഷത്തെ ബജറ്റ് വിഹിതത്തിന്റെ 25 % വരെ ഇത്തരത്തിൽ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് വകയിരുത്താമെന്ന 31.3.2020 ലെ 724/2020 /തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ചെയ്തത്. എന്നാൽ 20.6% (12757834 / 61706000 X 100 =20.6 ) തുകയാണ് വകയിരുത്തിയത്.

മേൽ കൊടുത്ത പ്രകാരം സ്പിൽ ഓവർ പദ്ധതികൾക്കായി തൻവർഷത്തെ അലോട്ട്മെന്റിനേക്കാൾ 12757834 രൂപ അധികരിച്ച് വകയിരുത്തിയിട്ടുണ്ടെങ്കിലും ബജറ്റ് അലോട്ട്മെന്റിനേക്കാൾ 3655270 രൂപയുടെ അധിക വിനിയോഗം മാത്രമാണ് തൻവർഷം വന്നത്. സ്പിൽഓവർ പ്രോജക്ടുകൾക്ക് കൂടി അനുവദിക്കുന്ന തുക പരിഗണിക്കുമ്പോൾ (മുൻവർഷ അലോട്ട്മെന്റിന്റെ 25 %) ആകെ 79265500 രൂപ

(63839000 +15426500 =79265500) തൻവർഷം ലഭിക്കേണ്ടതായിരുന്നു. എന്നാൽ 75134270 രൂപ മാത്രമാണ് ലഭിച്ചത്. ഗ്രാന്റിനത്തിൽ 4131230 രൂപ സ്ഥാപനത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്.

1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.1.2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11260/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

1-7 അക്കൗണ്ടിങ്ങിലെ അപാകതകൾ

2020-21 വർഷം പഞ്ചായത്ത് ലഭ്യമാക്കിയ രേഖകളിൽ എല്ലാ മാസത്തെയും റീകൺസീലിയേഷൻ പത്രികകൾ ഉൾപ്പെട്ടിട്ടില്ല. 2020-21 വർഷത്തെ അക്കൗണ്ട്സിന്റെ നീക്കിയിരിപ്പ് പരിശോധിക്കുന്നതിന് ആവശ്യമായ ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ ഹാജരാക്കാത്തതിനാൽ പഞ്ചായത്തിന്റെ വിവിധ അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുകകൾ, സ്റ്റേൽ ചെക്കുകൾ എന്നിവ സംബന്ധിച്ച കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ചെലവിന് ആധാരമായ ഓരോ മാസത്തെയും വൗച്ചറുകൾ നമ്പർ അനുസരിച്ച് ക്രമപ്പെടുത്തി വയ്ക്കേണ്ടതാണ്. വൗച്ചറുകളുമായി ബന്ധപ്പെട്ട രസീതികളും രേഖകളും (സബ് വൗച്ചർ) ഇതോടൊപ്പം തന്നെ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ട് വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

2020-21 വർഷത്തെ അക്കൗണ്ട്സ് ബാലൻസ് ഷീറ്റ് B-15 പ്രകാരം Receivables From Government (Redemption Amount) 57,61,917 രൂപ ലഭിക്കാനുണ്ട്. ഏപ്രിൽ 4 ന് അക്കൗണ്ടിൽ തിരികെ ലഭിച്ച തുക സെപ്റ്റംബറിലാണ് Receipt ചെയ്തത്. പ്രസ്തുത കാലയളവിൽ LGTSB അക്കൗണ്ടിൽ മൈനസ് ഫണ്ട് ആയിരുന്നു.

2021 മെയ് 11 നും, ഒക്ടോബർ 7 നും വന്ന സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് യഥാക്രമം 26.5.2021 നും 24.11.2021 നും ആണ് ക്രെഡിറ്റ് ചെയ്തത്.

മേൽ അപാകതകൾ സംഭവിക്കാൻ ഇടയായത് അക്കൗണ്ടന്റ് എന്ന നിലയ്ക്ക് ജോലി ചുമതലയിൽ സംഭവിച്ച വീഴ്ചയാണ്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. വൗച്ചറുകൾ, സബ് വൗച്ചറുകൾ സഹിതം തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 24/2020-21 തിയ്യതി 31.1.22) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-8 റീകൺസീലിയേഷൻ പത്രികകൾ ഹാജരാക്കിയില്ല

പഞ്ചായത്ത് ലഭ്യമാക്കിയ രേഖകളിൽ എല്ലാ മാസത്തെയും റീകൺസീലിയേഷൻ പത്രികകൾ

ഉൾപ്പെട്ടിട്ടില്ല. 2020-21 വർഷത്തെ അക്കൗണ്ടസിന്റെ നീക്കിയിരിപ്പ് പരിശോധിക്കുന്നതിന് ആവശ്യമായ ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ ഹാജരാക്കാത്തതിനാൽ പഞ്ചായത്തിന്റെ വിവിധ അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുകകൾ, സ്റ്റേൽ ചെക്കുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

പഞ്ചായത്തിന്റെ വിവിധ അക്കൗണ്ടുകളുടെ റീകൺസീലിയേഷൻ പത്രികകൾ 28.1.22 നകം ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 7/2020-21 തിയ്യതി 27.1.22) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-9 അനധികൃത നിർമ്മാണം - പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല

കംപ്ലീഷൻ പ്ലാൻ/റഗുലറൈസേഷൻ പ്ലാൻ പഞ്ചായത്തിൽ സമർപ്പിച്ച വാണിജ്യ കെട്ടിട ഉടമസ്ഥർ കെട്ടിട നമ്പറിംഗ്, വസ്തുനികുതി അസസ്സ്മെന്റ് എന്നിവ നടത്തിയ ശേഷം വൻതോതിൽ അനധികൃത നിർമ്മാണം നടത്തുന്നതിനായി 29.01.2022 ൽ നടത്തിയ ഓഡിറ്റ് ടീമിന്റെ സ്ഥലപരിശോധനയിൽ വ്യക്തമാകുന്നു. വാണിജ്യ കെട്ടിടങ്ങളുടെ ഗ്രൗണ്ട് ഫ്ലോർ/ഒന്നാം നില എന്നിവയുടെ പെർമിറ്റ് പ്രകാരമുള്ള നിർമ്മാണം പൂർത്തിയാക്കിയ ശേഷം അനുമതി ഇല്ലാതെ രണ്ടാം നിലയുടെ നിർമ്മാണം നടത്തുന്നതാണ് ശ്രദ്ധയിൽപ്പെട്ടത്. ഈ നിർമ്മാണങ്ങളിൽ അധികവും, രണ്ടാംനില ട്രാസ് വർക്ക് നടത്തി, ഷീറ്റിട്ട് എ.സി.പി ഷീറ്റ് കൊണ്ട് പാനലിംഗ് നടത്തുന്ന രീതിയാണ് ചെയ്തിരിക്കുന്നത്. അത് പ്രകാരം വാണിജ്യ കെട്ടിടത്തിന്റെ എഫ്, എ.ആർ, കവറേജ്, കാർ പാർക്കിംഗ് എന്നിവ അധികം ആവുകയും, അത് 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമാവുകയുമാണ്. സ്ഥല പരിശോധനയുടെ ഭാഗമായി കണ്ടെത്തിയ അപാകത താഴെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട ഉടമസ്ഥന്റെ പേര്/വാർഡ്/ ഫയൽ | പെർമിറ്റ് വിശദാംശം | പരിശോധനയിൽ കണ്ടെത്തിയത് |
|---|---|---|---|
| 1 | മുഹമ്മദ് ബഷീർ കുന്നത്ത് വാർഡ് 8/36 എ-2 | 1) ഗ്രൗണ്ട് ഫ്ലോറിൽ 12 മുറികളും ഒന്നാം നിലയിൽ 12 മുറികളോട് കൂടിയ | 1) 8/36 എ, ബി, സി എന്നീ മൂന്ന് മുറികൾ വാണിജ്യാവശ്യത്തിന് നൽകി. |

| | | | | |
|---|---|---|---|---|
| | | എ2.8562/16 | വാണിജ്യ കെട്ടിടം<br>2) പാർക്കിംഗ് പ്ലാനിൽ 10 കാർ | 2) അവശേഷിക്കുന്ന 10 മുറികൾ ഡോർമെറ്ററിയാക്കി കാർ പാർക്കിംഗ് ഓഫീസ് റൂം, റാമ്പ്, മൂത്രപ്പുരയാക്കി. രണ്ട് കെട്ടിടങ്ങളുടെ നടുഭാഗം ബാഡ്മിന്റൻ കോർട്ട്<br>3) ഒന്നാം നിലയിൽ വിദ്യാഭ്യാസ സ്ഥാപനവും ഡോർമെറ്ററിയും<br>3) അനധികൃതമായി രണ്ടാംനില നിർമ്മിച്ച് ഡയനിംഗ് റൂം, പ്രയർഹാൾ എന്നിവ നിർമ്മിച്ചു. ഒന്നാം നിലയിൽ സീൻ ത്രൂ അടച്ച് പൂട്ടി ക്ലോസ് ചെയ്തു. |

ഫലത്തിൽ ഒക്യുപെൻസി മാറ്റിയ ഈ കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം 748 ച.മീറ്റർ വിസ്തീർണ്ണമാണ് ഗ്രൗണ്ട് ഫ്ലോർ ഒന്നാം നിലകളിൽ ഉള്ളത്.(280+467). ഗ്രൗണ്ട് ഫ്ലോറിൽ വിസ്തീർണ്ണം കുറയാൻ കാരണം കെട്ടിടത്തിന്റെ ഉള്ളിൽ 2 കാർ പാർക്കിംഗ് ഉള്ളതിനാലാണ്. ഈ കെട്ടിടത്തിന് ആകെ 10 കാർപാർക്കിംഗ് വേണ്ടതിൽ 2 എണ്ണം കെട്ടിടത്തിന്റെ ഉൾഭാഗത്തായതിനാൽ, ആ ഭാഗവും കൂടി കൂട്ടിയെടുത്ത് പാർക്കിംഗ് ഇല്ലാതാക്കി. കൂടാതെ രണ്ടാംനില അനധികൃതമായി നിർമ്മിച്ചതിലൂടെ ആവശ്യമായ പാർക്കിംഗ് ഇനിയും കൂടാനാണ് സാധ്യത.

വാണിജ്യാവശ്യത്തിന് നിർമ്മിട്ട കെട്ടിടം ഒക്യൂപെൻസി മാറിയതിലൂടെ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഗണത്തിൽ വരുന്നു. കാറ്റഗറി ഒന്നിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി അനുവദനീയമായ വ്യാപ്തി, വിദ്യാഭ്യാസ ഗണം ബി-യിൽ 35 ശതമാനമാണ്. ഇവിടെ ഒന്നാം നില കെട്ടിട വിസ്തൃതി 467 ച.മീറ്ററാണ്. കെട്ടിട ഉടമസ്ഥന്റെ കൈവശമുള്ള ഭൂമി 768.93 ച.മീറ്ററും. അതിനാൽ കവറേജ് (വ്യാപ്തി) 60.73 ആണ്. (467x100/768.93) അധികം വന്ന കവറേജ് ക്രമവത്ക്കരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| II | സുബൈദ, നസീമ, ബുഷറ കാർട്ടിപ്പാറക്കൽ ഫയൽ എ2-4855/18 | 1) ഗ്രൗണ്ട് ഫ്ലോറിൽ 18 മുറിയും ഒന്നാം നിലയിൽ 14 മുറിയുമുള്ള കമേഴ്സ്യൽ കെട്ടിടം (2 എണ്ണം) | 1) ഗ്രൗണ്ട് ഫ്ലോറിൽ രണ്ട് കെട്ടിടങ്ങളുടെ ഇടയിൽ പ്ലാനിൽ കാർ പാർക്കിംഗ് കാണിച്ചിടത്ത് ഡ്രൈക്ലീനിംഗ് സെന്റർ<br>2) മുൻഭാഗത്ത് പാർക്കിംഗ് (2 കാർ) കാണിച്ച സ്ഥലം നിർമ്മാണം നടത്തിയിട്ടുണ്ട്.<br>3) അനധികൃതമായി സെക്കന്റ് ഫ്ലോർ നിർമ്മാണം നടത്തി ട്യൂഷൻ സെന്റർ നടത്തുന്നു.<br>4) ഈ കെട്ടിടത്തിനോട് ചേർന്ന് കുഞ്ഞി മറിയക്കുട്ടി എന്നവരുടെ ഒരു രണ്ടുനില അനധികൃത നിർമ്മാണം. |

2 അനധികൃത നിർമ്മാണം ഒരേ സ്ഥലത്ത് ഉണ്ടായിട്ടും, ആ വാർഡിൻ ചുമതലയുള്ള ക്ലാർക്ക്, അക്കാര്യം ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. കൂടാതെ 2 കെട്ടിടങ്ങൾ വേർതിരിച്ച സ്ഥലം കൂട്ടിച്ചേർത്ത് ഷോപ്പ് മുറിയാക്കി ഡ്രൈ ക്ലീനിംഗ് സെന്ററിന് നൽകിയതും പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2 കെട്ടിടങ്ങളിലെ മുറികളിലും രണ്ടാംനില നിർമ്മിച്ചതിനാൽ അത് പരിഗണിക്കുകയാണെങ്കിൽ മതിയായ പാർക്കിംഗ് ഉണ്ടാകില്ല.

| | | | |
|---|---|---|---|
| III | പുളിക്കൽ | 1) ഗ്രൗണ്ട് | 1) നിലവിൽ ഗ്രൗണ്ട് ഫ്ലോർ, |

| | | | |
|---|---|---|---|
| | ശിവാനന്ദൻ എ2-2559/2020 | ഫ്ലോർ നിർമ്മാണം 115.98 ച.മീ | ഒന്നാംനില എന്നിവയ്ക്ക് മുകളിൽ രണ്ടാം നില നിർമ്മാണം നടത്തി ഗോഡൗൺ ആയി പ്രവർത്തിക്കുന്നു. |
| | | 2) ഒന്നാംനില നിർമ്മാണം 143.93 ച.മീ. | 2) രണ്ടാംനിലയിൽ സാധനങ്ങൾ എത്തിക്കുന്ന ലിഫ്റ്റ് ഓപ്പണായി നിർമ്മിച്ചിട്ടുണ്ട്. |
| | | | 3)മതിയായ കാർ പാർക്കിംഗ് ഇല്ല |

കെട്ടിടത്തിന് മുൻഭാഗം മാത്രമാണ് കാർ പാർക്കിംഗ് ഏരിയ ഉള്ളത്. പ്ലാനിൽ കാണിച്ച വിധം 4 കാർ പാർക്കിംഗ് സാദ്ധ്യമല്ല. മുൻഭാഗത്ത് 2 കാർ പാർക്കിംഗ് മാത്രമേ നടക്കൂ. പ്ലാനിൽ കാണിച്ച മറ്റു രണ്ട് പാർക്കിംഗ് മറ്റൊരാളുടെ ഭൂമിയിലാണ്. ഇത് സാദ്ധ്യമല്ല. വടക്ക് ഭാഗമായ ഈ സ്ഥലത്തിന്റെ അതിർത്തിയിൽ ഒരു തോട് ഒഴുകുന്നുണ്ട്. അനധികൃതമായി നിർമ്മിച്ച രണ്ടാം നില നിർമ്മാണ പരിഗണിച്ചാൽ കാർ പാർക്കിംഗ് സ്ഥലം മതീയാകാതെ വരും.

| | | | |
|---|---|---|---|
| Iv | കൃഷ്ണൻകുട്ടി കോട്ടാംകളത്തിൽ ഫയൽ എ2-996/19 | ഗ്രൗണ്ട് ഫ്ലോർ ഒന്നാംനില എന്നിവയ്ക്കായി 377.52 ച.മീ. നിർമ്മാണാനുമതി | അനധികൃതമായി രണ്ടാംനില പണിതതായി കാണുന്നു. |
| V | ചിത്തരഞ്ജൻ.എം ഫയൽ എ2-9973/19 ഫയൽ എ2-996/19 | ഗ്രൗണ്ട് ഫ്ലോർ 209.79 ച.മീ. ഒന്നാംനില 285.52 ച.മീ | അനധികൃതമായി രണ്ടാംനില പണിതതായി കാണുന്നു. |
| Vi | സലിം പാമങ്ങാടൻ എ2-3935/2019 | ഗ്രൗണ്ട് ഫ്ലോർ 451.04 ച.മീ ഒന്നാംനില | 1)അനധികൃതമായി രണ്ടാംനില 504 ച.മീ വാങ്ങിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | 504.28 ച.മീ | 2) പ്ലാൻ പ്രകാരം 7 കാർ പാർക്കിംഗ്. എന്നാൽ പാർക്കിംഗ് ഏരിയ രണ്ട് കെട്ടിടങ്ങൾക്ക് ഉള്ളിൽ കെട്ടിയെടുത്ത് സെയിൻ സൂപ്പർ മാർക്കറ്റ് നടത്തുന്നു.<br>3) പുറക് വശത്തെ പാർക്കിംഗ് സ്ഥലത്ത് സ്കൂട്ടർ സർവ്വീസ് സെന്റർ നടത്തുന്നു. |

ഒന്നാംനിലയ്ക്ക മുകളിൽ രണ്ടാംനിലയായി ഒരു ഓഡിറ്റോറിയം രീതിയിലാണ് നിർമ്മിതി. മേൽക്കൂര നിർമ്മിച്ച് അതിന് ചേർന്ന് ജിപ്സം ഷീറ്റിട്ട് ഹോൾ സജ്ജീകരിച്ചു. ഇത് റഗുലറൈസ് ചെയ്താലും 7 പാർക്കിംഗ് മതിയാകില്ല. അതുകൂടി കണക്കിലെടുത്ത് മൊത്തം പാർക്കിംഗ് എത്രയെന്ന് കണക്കാക്കി, സർക്കാർ നിലവിൽ പാർക്കിംഗ് കുറവിന് ഈടാക്കുന്ന ഫൈൻ ഉടമയിൽ നിന്ന് ഈടാക്കേണ്ടതാണ്.

| | | | |
|---|---|---|---|
| Vii | മുഹമ്മദ് സഹാൻ<br>എ2-3341/17 | ഗ്രൗണ്ട് ഫ്ലോർ ഒന്നാംനില എന്നിവയിലായി 39.2 ച.മീ. നിർമ്മിതി | 1) ചാലിയം ഫറോക്ക് റോഡ് കൈച്ചേരി നിർമ്മാണം<br>2) പുറക് വശത്ത് സ്വകാര്യ വ്യക്തിയുടെ വീടിനോട് ചേർന്ന് കോൺക്രീറ്റ് പില്ലർ നിർമ്മാണം |

കാൽനട യാത്രക്കാർക്കും വാഹനങ്ങൾക്കും ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന വിധത്തിൽ ചാലിയം-ഫറോക്ക് റോഡിൽ ഒരു വളവിലാണ് കെട്ടിടം നിർമ്മിച്ചത്. ഇവിടെ റോഡ് കൈയ്യേറ്റം ശ്രദ്ധയിൽപ്പെടുത്തുന്നു. കൂടാതെ പാർക്കിംഗ് കാണിച്ച സ്ഥലം കൂട്ടികെട്ടി ഇപ്പോൾ പ്രവർത്തിക്കുന്ന ഹോട്ടലിന്റെ ഭാഗമാക്കി. അനധികൃത നിർമ്മാണം പൊളിച്ച് കളയാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| Viii | ബിച്ച്.എ.വി<br>എ2-6149/18 | ഗ്രൗണ്ട് ഫ്ലോർ ഒന്നാംനില | ഗ്രൗണ്ട് ഫ്ലോറിൽ പാർക്കിംഗ് കാണിച്ച 3 |

| | | | |
|---|---|---|---|
| | | എന്നിവയിലായി 515.57ച.മീ. കെട്ടിട നിർമ്മാണം | വാഹനങ്ങൾക്കുള്ള സ്ഥലം കെട്ടിയെടുത്ത് ഷട്ടറിട്ട് സിയോൺ ഹോം അപ്ലയൻസസ് എന്ന സ്ഥാപനം നടത്തുന്നു. |

പാർക്കിംഗ് ഒഴിവാക്കപ്പെട്ടതിനാൽ എത്ര കുറവുണ്ടെന്ന് കണക്കാക്കി, അതിനനുസൃതമായ ഫൈൻ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

08.07.2019 ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അജണ്ട 3 , തീരുമാനം 352/19 പ്രകാരം കടലുണ്ടി ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടേയും കടകളുടേയും നിർമ്മാണങ്ങളും, പെർമിറ്റ് ഇല്ലാതെ മാറ്റം വരുത്തിയതായ നമ്പർ ഉള്ള കെട്ടിടങ്ങളും കണ്ട് പിടിക്കുന്നതിനായി ഒരു ഫീൽഡ് വെരിഫിക്കേഷൻ നടത്തുന്നതിന് വാർഡ് ക്ലാർക്കുമാരെ വിളിച്ച് ചേർത്ത യോഗത്തിൽ തീരുമാനിച്ചു. അത് 2 മാസത്തിനകം പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകി. എന്നാൽ ഇത്തരത്തിൽ ഫീൽഡ് പരിശോധന വാർഡ് ക്ലാർക്കുമാർ നടത്തിയിട്ടില്ല. സമയബന്ധിതമായി ഫീൽഡ് പരിശോധന നടത്തിയിരുന്നെങ്കിൽ ഇത്തരത്തിലുള്ള അനധികൃത നിർമ്മാണങ്ങൾ ചെറുക്കാമായിരുന്നു.

മേൽ കാണിച്ച അനധികൃത നിർമ്മാണം റഗുലറൈസ് ചെയ്യേണ്ടതും, കാർ പാർക്കിംഗ് മതിയായ എണ്ണം ഇല്ലാത്തതിൽ, കുറവിന് അനുസൃതമായി സർക്കാർ കാലാകാലങ്ങളിൽ ചുമത്തുന്ന ഫൈൻ ഈടാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

1-10 അനധികൃത നിർമ്മാണവും , തരം മാറ്റലും സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നില്ല

ഫയൽ ബി4 4169/21

മുഹമ്മദ് ബഷീർ കുന്നത്ത് 12.04.2021 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയ അപേക്ഷയിൽ 8ാം വാർഡിലുള്ള 8/36 എ മുതൽ സെഡ് വരെയുള്ളതിൽ 21 മുറികൾ സ്വന്തമായി ഉപയോഗിക്കാതെയും, വാടകയ്ക്ക് നൽകാതെയും ഒഴിഞ്ഞ് കിടക്കുന്നതിനാൽ 2021-22 കാലയളവിൽ നികുതിയിൽ നിന്ന് ഒഴിവാക്കണമെന്ന് അറിയിച്ചു. തുടർന്ന് വാർഡ് ക്ലാർക്ക് (B4) നടത്തിയ പരിശോധനയിൽ കെട്ടിടങ്ങൾ ഒഴിഞ്ഞ് കിടക്കുകയാണെന്ന് 08.06.2021 ന് റിപ്പോർട്ട് ചെയ്തു. 2021-22 വർഷത്തിൽ ഫസ്റ്റ് ഹാഫിൽ വേക്കൻസി റമിഷന് അർഹതയുണ്ടെന്ന് റിപ്പോർട്ട് ചെയ്തു.

29.01.2022ന് ഓഡിറ്റ് ബാച്ച് നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടം ഒക്യുപെൻസി മാറ്റി, വിദ്യാഭ്യാസ സ്ഥാപനം നടത്തുന്നതായും, മൂന്നാംനില കെട്ടിട നിർമമാണം നടത്തിയതായി കണ്ടെത്തി.

ഈ തരം മാറ്റൽ നടത്തിയിട്ട് ഒരു വർഷമെങ്കിലും പൂർത്തിയായിട്ടുണ്ടാകും. എന്നാൽ ഇക്കാര്യം ഒന്നും തന്നെ വാർഡ് ക്ലാർക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. ഇത് ഗുരുതരമായ കൃത്യവിലോപമാണ്. നികുതിയിളവിന് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയിലുള്ള ഈ വിഷയം, അനധികൃത കെട്ടിട നിർമ്മാണം നടത്തിയ കെട്ടിട ഉടമയ്ക്കാണ് വേക്കൻസി റമിഷൻ പരിഗണിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു. വാർഡ് ക്ലാർക്കുമാരിൽ നിന്ന് ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-11 കെട്ടിട നിർമ്മാണം നിർത്തിവെച്ചതായി അറിയിച്ചു, പക്ഷെ പ്രവൃത്തി പൂർത്തിയാക്കി

ഫയൽ നമ്പർ എ2-7490/16 , എ2 5956/16

ഗ്രാമപഞ്ചായത്തിന്റെ പത്താം വാർഡിൽ റി.സർവ്വെ നമ്പർ 69/3 സി യിൽപ്പെട്ട സ്ഥലത്ത് അപ്പുക്കുട്ടൻ സി.കെ, മേത്തിലെ കൊല്ലേരി എന്നവർ നിർമ്മിച്ച് വന്ന രണ്ട് നില കെട്ടിടവുമായി ബന്ധപ്പെട്ട് ഒരു പരാതി സർഗ്ഗം റസിഡൻസ് അസോസിയേഷൻ മണ്ണൂർ ത.സ്വ.ഭ.വ വകുപ്പ് മന്ത്രി, ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർക്ക് നൽകിയിട്ടുണ്ട്. പരാതിയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി വിഭാഗം സ്ഥലപരിശോധന നടത്തുകയും, അംഗീകരിച്ച പ്ലാനിൽ നിന്ന് വിരുദ്ധമായി നിർമ്മാണം നടത്തിയതായി റിപ്പോർട്ട് ചെയ്ത് ഇത് നോട്ടീസ് മുഖേന അപ്പുക്കുട്ടന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്, നിർമ്മാണം നിർത്തിവെച്ചതായി മറുപടി നൽകിയിട്ടുണ്ട്.

പിന്നീട് അപ്പുക്കുട്ടൻ സി.കെ എന്നയോളോട് പ്രസ്തുത ഭൂമി പെർമിറ്റ് സഹിതം വാങ്ങിയതായും, ഉടമസ്ഥാവകാശം മാറ്റി നൽകാനും, കെട്ടിടം നമ്പർ അനുവദിക്കാൻ റിയാസ് എന്ന വ്യക്തി അപേക്ഷിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ നമ്പർ അനുവദിച്ചു. അതേ സമയം ഈ കെട്ടിടത്തിനോട് ചേർന്ന കൊണ്ട് ശ്രീ.അപ്പുക്കുട്ടൻ നീളത്തിൽ ഒരു ബിൽഡിംഗ് നിർമ്മിക്കുന്നതായി എൽ.എസ്.ജി.ഡി എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് പരിഗണിക്കാതെയാണ് അപ്പുക്കുട്ടൻ വിറ്റ കെട്ടിടത്തിന് നമ്പറിംഗ് നടത്തിയത്.

29.01.2022 ന് നടത്തിയ സ്ഥലപരിശോധനയിൽ ആദ്യ കെട്ടിടത്തിന്റെ പാർക്കിംഗ് സ്ഥലത്ത് മറ്റൊരു കെട്ടിടം അപ്പുക്കുട്ടൻ നിർമ്മിച്ചതാണ്. ഈ രണ്ട് കെട്ടിടവും കൂട്ടി യോജിപ്പിച്ചാണ് നിലവിൽ കെട്ടിടത്തിലെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. (ഒറിക്സ് ബേക്കേഴ്സ് എന്ന സ്ഥാപനം കാണുക)

ഇതിൽ നിന്നും മതിയായ പരിശോധന നടത്താതെയാണ് ആദ്യകെട്ടിടത്തിന് നമ്പർ ഇട്ടതെന്ന വ്യക്തമാകുന്നു. കൂടാതെ പുതുതായി നിർമ്മിച്ച കെട്ടിടത്തിന് നമ്പർ ലഭിച്ചതെങ്ങിനെയെന്ന് പരിശോധിക്കേണ്ടതുണ്ട്. ഇത് പരിശോധിച്ച്, ആദ്യ കെട്ടിടത്തിന് നൽകിയ നമ്പർ രണ്ടാമത്തെ കെട്ടിടത്തിന് ദുരുപയോഗം ചെയ്തിട്ടില്ലയെന്ന് ഉറപ്പ് വരുത്തി, പാർക്കിംഗ് ആവശ്യത്തിന് ഉണ്ടോയെന്ന് പരിശോധിച്ച്, ഇല്ലെങ്കിൽ നിലവിലെ ഫൈൻ ഈടാക്കി റഗുലറൈസ് ചെയ്യാൻ നടപടികൾ

സ്വീകരിക്കേണ്ടതാണ്.

1-12 തൊഴിൽ നികുതിയിലെ പ്രധാന അപാകതകൾ

(I) മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | ഏറ്റെടുത്ത പ്രവർത്തിയുടെ എണ്ണം |
|---|---|---|
| 1 | സെക്രട്ടറി, ഫറോക്ക് കോ-ഓപറേറ്റീവ് ലേബർ കോൺട്രാക്ട് | 1 |
| 2 | പി.മുഹമ്മദ്കുട്ടി | 1 |
| 3 | എ.കെ.ബാബു | 5 |
| 4 | മുഹമ്മദ് ഇസ്മയിൽ.എ.കെ | 1 |
| 5 | രവീന്ദ്രൻ.ജി | 1 |
| 6 | മുഹമ്മദ് ഫൈസൽ.കെ | 1 |
| 7 | ജിജിൽ.ഇ | 3 |
| 8 | എ.കെ.അഹമ്മദ് കുട്ടി | 2 |

| | | |
|---|---|---|
| 9 | ഹരീഷ് കുമാർ.വി.കെ | 11 |
| 10 | അബ്ദുൽ മൻസൂർ.എം | 2 |
| 11 | പ്രമോദ്.വി | 3 |
| 12 | അഞ്ചൽ.പി | 3 |
| 13 | വിഷ്ണു ബാബു | 4 |
| 14 | ദിലീപ് കുമാർ | 1 |
| 15 | നിതാഷ്.കെ.പി | 3 |
| 16 | മനോജ്.കെ | 4 |
| 17 | വിശ്വനാഥൻ.ഒ | 9 |
| 18 | ദനീഷ്.എസ്.എം | 7 |
| 19 | മഗിനേഷ്.പി | 2 |
| 20 | സുധർശൻ.എൻ | 2 |
| 21 | ഗണേശൻ.എൻ | 2 |
| 22 | മുഹമ്മദ് അബ്ദുൽ ജമാൽ.എ | 1 |

ഓഡിറ്റ് കാലയളവിൽ മറ്റേതെങ്കിലും ത.സ്വ.ഭ.വ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചതിന്റെ രേഖ ഹാജരാക്കിയിട്ടില്ലാത്ത എല്ലാ കരാറുകാരിൽ നിന്നും ഉറവിടത്തിൽ തന്നെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ii) തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല .

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2020-21 ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | എക്സ്പ്ലോർ ബൈക്ക്സ് |
| 2 | ചാലിയം വനിത കോ-ഓപറേറ്റീവ് സൊസൈറ്റി |
| 3 | സമത അപ്പർ സ്റ്റിച്ചിങ്ങ് യൂണിറ്റ്, കടലുണ്ടി |

| | |
|---|---|
| 4 | സപ്ലൈക്കോ |
| 5 | കടലുണ്ടി സർവീസ് കോ-ഓപറേറ്റീവ് സൊസൈറ്റി |

ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2020-21 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | മുത്തൂറ്റ് ഫിൻകോർപ്പ്, മണ്ണൂർ |
| 2 | സൂരജ് പ്ലാസ്റ്റിക്സ് |
| 3 | ബീവീസ് സൂപ്പർ മാർക്കറ്റ് |
| 4 | ആർച്ച്സ് ഡിസൈൻസ്, മണ്ണൂർ |
| 5 | സരസ്വതി വിദ്യാനികേതൻ, മണ്ണൂർ |

(Iii) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നില്ല .

വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

(Iv) റേഷൻ കടകളിൽനിന്നും തൊഴിൽ നികുതി ഈടാക്കിയില്ല .

റേഷൻ കടകളിൽനിന്നും 2020-2021 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയില്ല ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ തനതുഫണ്ടിന് വരുമാന ശോഷണം ഉണ്ടായിട്ടുണ്ട്. തൊഴിൽ നികുതി രജിസ്റ്ററിൽ റേഷൻ കടകൾ ഉൾപ്പെട്ടു കാണുന്നില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-13 ജങ്കാർ സർവീസ് പിഴപ്പലിശ ഈടാക്കിയതിലെ അപാകത

കടലുണ്ടി ഗ്രാമപഞ്ചായത്തിൽ 17.01.2020 നടന്ന ജങ്കാർ ലേലത്തിൽ ശ്രീ.എം.അബ്ദുൾ ഗഫൂർ,

കൊച്ചിൻ സർവീസ് ഫോർട്ട് കൊച്ചി ലേലം ഉറപ്പിക്കുകയും പഞ്ചായത്തുമായി കരാർ വച്ച് 01/02/2020 മുതൽ ജങ്കാർ സർവീസ് ആരംഭിക്കുന്നതിന് അനുമതി ലഭിക്കുകയും ചെയ്തു. കരാർ നമ്പർ 19/19-20 01/02/2020 നിബന്ധന മൂന്ന് പ്രകാരം പ്രസ്തുത സർവീസ് നടത്തുന്നതിനുള്ള കാലാവധി മുപ്പത്തിയൊന്ന് ജനുവരി 2025ഓടു (5 വർഷം) കൂടി തീരുന്നതാണെന്ന് നിശ്ചയിക്കുകയും ചെയ്തു. ടി കരാറിലെ ആറാം നമ്പർ നിബന്ധന പ്രകാരം കിസ്തു തുക പ്രതിമാസം 38000/- (മുപ്പത്തി എണ്ണായിരം) രൂപയായി നിശ്ചയിച്ചു. കിസ്തു തുക എല്ലാ മാസവും 5ാം തീയതിക്കുള്ളിൽ പഞ്ചായത്തിന് നൽകേണ്ടതാണ്. ഇതിൽ വീഴ്ച്ച വരുത്തുന്ന പക്ഷം പ്രതിമാസം 2 ശതമാനം പിഴപ്പലിശ പഞ്ചായത്ത് ഈടാക്കേണ്ടതാണ്.

2020-21 വർഷം കോവിഡ്-19 ലോക്ക്ഡൗൺ കാരണം 28/03/2020 തീയതി മുതൽ 12/11/2020 വരെ ജങ്കാർ സർവീസ് നടത്തിയില്ല. ആയതിനാൽ ഏപ്രിൽ 2020 മുതൽ 12/11/2020 തീയതി വരെയുള്ള കിസ്തു തുക ഭരണസമിതിയുടെ 17/05/2021 ലെ 4(1) നമ്പർ തീരുമാനപ്രകാരം ഒഴിവാക്കി. നവംബർ 2020 11ാം തീയതി മുതൽ സർവീസ് പുനരാരംഭിച്ചു. എന്നാൽ കരാർ പ്രകാരം കിസ്തു തുക യഥാസമയം അടവാക്കാത്തതിനാൽ പഞ്ചായത്ത് പിഴപ്പലിശ ഈടാക്കിയിട്ടുണ്ട് (രസീത് നമ്പർ 121210500029 തീയതി 09/11/2021) എന്നാൽ ടി തുക കണക്കാക്കിയതിൽ അപാകത സംഭവിച്ചിട്ടുണ്ട്. വിശദവിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നമ്പർ | മാസം/ വർഷം | കിസ്തു തുക (രൂപ) | കിസ്തു തുക ഈടാക്കിയ തീയതി | ഈടാക്കിയ പിഴപ്പലിശ (രൂപ) | ഈടാക്കേണ്ട പിഴപ്പലിശ (രൂപ) | പിഴപ്പലിശ (കിസ്തു തുകയുടെ 2% പ്രതിമാസം) | റിമാർക്കസ് |
|---|---|---|---|---|---|---|---|
| | 2020 ഏപ്രിൽ മുതൽ ഒക്ടോബർ വരെ സർവീസ് നടത്തിയില്ല. | - | - | - | - | - | കിസ്തു തുക എല്ലാ മാസവും 5ാം തീയതിക്കുള്ളിൽ പഞ്ചായത്തിന് നൽകേണ്ടതാണ് |
| 1 | 2020 നവംബർ (11 ാം | 22806 | 09/11/2021 | 10184 | 5930 | 26% | |

| | | | | | | | |
|---|---|---|---|---|---|---|---|
| | തീയതി മുതൽ) | | | | | | |
| 2 | 2020 ഡിസംബർ | 38000 | 09/11/2021 | | 9120 | 24% | |
| 3 | 2021 ജനുവരി | 38000 | 09/11/2021 | | 8360 | 22% | |
| 4 | 2021 ഫെബ്രുവരി | 38000 | 09/11/2021 | | 7600 | 20% | |
| 5 | 2021 മാർച്ച് | 38000 | 09/11/2021 | | 6840 | 18% | |
| | | | | | 37850 | | |

പഞ്ചായത്ത് ഈടാക്കേണ്ടിയിരുന്ന പിഴപ്പലിശ 37850

പഞ്ചായത്ത് ഈടാക്കിയ പിഴപ്പലിശ 10184

37850 – 10184 = 27666/-

പഞ്ചായത്തിന് നഷ്ടം 27666/- രൂപ (ഇരുപത്തി ഏഴായിരത്തി അറുന്നൂറ്റി അറുപത്തി ആറ് രൂപ)

2021-22 വർഷം ഏപ്രിൽ മാസത്തെ കിസ്ത് തുക അടവാക്കിയത് 09/11/2021 തീയതിക്കാണ് (രസീത് നമ്പർ 121210500029 തീയതി 09/11/2021) ആയതിന്റെ പിഴപ്പലിശയായ 6080/- രൂപ ഈടാക്കാനവശേഷിക്കുന്നു. മേൽ അപാകതകൾ പരാമർശിച്ചുകൊണ്ട് 27/01/2022 തീയതിയിൽ 5ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി ടി വിഷയം സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. ആയതിന്റെ അടിസ്ഥാനത്തിൽ 31/01/2022 ലെ രസീതി നമ്പർ 121210106860 പ്രകാരം തുക മുഴുവൻ തുകയായ മുപ്പത്തിമൂവായിരത്തി എഴുന്നൂറ്റി നാൽപത്തിയാറ് രൂപ (27666+6080= 33746 രൂപ) പഞ്ചായത്ത് ഫണ്ടിൽ അടവാക്കി.

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ഇ ടെണ്ടർ തുക എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് ഈടാക്കിയില്ല

2016-17 വർഷം ഇ ടെണ്ടർ ആരംഭിച്ച ശേഷം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) ഇ-ടെണ്ടറുമായി ബന്ധപ്പെട്ട പണമിടപാടുകൾ തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് നടത്തിയിരുന്നത്. ജില്ലാ

എകസിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് വന്നിരുന്ന ഭീമമായ തുക അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് അടവാക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടും സമയനഷ്ടവും പരിഗണിച്ച് 17.08.2017 തീയതിയിൽ ഒരു സർക്കുലർ പുറപ്പെടുവിച്ചു. ഡി.ബി.1/7942/2010/സി.ഇ /ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികളോട് ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദ്ദേശിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കടലുണ്ടി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ 09.08.2018ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഫറോക്ക് ശാഖയിൽ അക്കൗണ്ട് ആരംഭിച്ചു (അക്കൗണ്ട് നമ്പർ 37867308801).

ഗ്രാമപഞ്ചായത്ത് ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെണ്ടർ ഫീസിനത്തിൽ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ഒടുക്കിയ തുക ഇതു വരെയും തിരികെ ലഭിച്ചിട്ടില്ല എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയറുടെ സെക്ഷൻ ക്ലർക്ക് 29.01.2022-ൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇപ്രകാരം ഒടുക്കിയ തുകകളുടെ ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ടെണ്ടർ ഫീസിനത്തിൽ ഒടുക്കിയ തുക (രൂപ) |
|---|---|
| 2014-15 | 46410 |
| 2015-16 | 75485 |
| 2016-17 | 69460 |
| 2017-18 | 29456 |
| 2018-19 | 85904 |
| ആകെ തുക | 306715/- (മൂന്ന് ലക്ഷത്തി ആറായിരത്തി എഴുന്നൂറ്റി പതിനഞ്ച് രൂപ) |

ടി വിഷയത്തിൽ നടപടികൾ സ്വീകരിക്കുകയും നാളിതുവരെ ഒടുക്കിയ തുകകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ഈടാക്കി പ്രസ്തുത തുക പഞ്ചായത്തിന്റെ ഫണ്ടിലേക്ക്

വരവ് വയ്ക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷം അവസാനം (31.03.2021) അസിസ്റ്റന്റ് എൻജിനീയറുടെ ടി അക്കൌണ്ടിൽ 209730/- (രണ്ട് ലക്ഷത്തി ഒൻപതിനായിരത്തി എഴുന്നൂറ്റി മുപ്പത് രൂപ) രൂപയാണ് നീക്കിയിരിപ്പ്. ടെണ്ടർ ഫോം ഫീ ഇനത്തിൽ പഞ്ചായത്തിനു ലഭിക്കേണ്ട ഈ തുക നാളിതുവരെയും പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് അടവാക്കിയിട്ടില്ല പ്രസ്തുത തുക പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 മേഖല, റോഡിന്റെ വീതി, തറയുടെ തരം എന്നിവ പരിഗണിക്കാതെ നികുതി അസസ് ചെയ്യുന്നു

സർക്കാർ ഉത്തരവ് (പി) നമ്പർ 88/2013 തസ്വഭവ തീയതി 13.03.2013 പ്രകാരം ഫോറം - 2 ൽ കെട്ടിട ഉടമ സമർപ്പിക്കുന്ന വസ്തുനികുതി നിർണ്ണയ റിട്ടേൺ പ്രകാരം ഫോറം6 ൽ നികുതി അസസ്സ് ചെയ്യുമ്പോൾ, കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, പ്രവേശന മാർഗ്ഗത്തിലെ റോഡിന്റെ വീതി, കെട്ടിടം നിർമ്മിച്ചപ്പോൾ 250 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതിൽ തറ നിർമ്മിതിയുടെ തരം (മാർബിൾ/ഗ്രാനൈറ്റ്/ മേൽത്തരം ടൈൽസ്) എന്നിവയൊന്നും പരിഗണിക്കാതെയാണ് നികുതി നിർണ്ണയിക്കുന്നത്. കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചാൽ താഴെ കൊടുത്ത വർദ്ധനവ്/(ശതമാനത്തിൽ) അടിസ്ഥാന നികുതിയ്ക്ക് പുറമേ ഉണ്ടാകുന്നതാണ്.

| | | |
|---|---|---|
| 1 | മേഖല പ്രാഥമികം അല്ലെങ്കിൽ<br>ദ്വിതീയം<br>തൃതീയം | 10% കുറവ്<br>20% കുറവ് |
| 2 | പ്രവേശന മാർഗ്ഗത്തിലെ റോഡിന്റെ വീതി 5 മീറ്ററോ അതിൽ കൂടുതലോ | 20% വർദ്ധനവ് |
| 3 | തറ നിർമ്മിതിയുടെ തരം<br>മാർബിൾ/ഗ്രാനൈറ്റ്/മേൽത്തരം ടൈൽസ് | 15% വർദ്ധനവ് |

താഴെ കൊടുത്ത വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം ഫയൽ പരിശോധിച്ചതിന്റെ ഭാഗമായും 29.01.2022 ന് പ്രസ്തുത കെട്ടിടം നേരിൽ സന്ദർശിച്ചതിന്റെ ഭാഗമായും വസ്തുനികുതി നിർണ്ണയിച്ചതിൽ മേൽ കാര്യങ്ങൾ കണക്കിലെടുക്കാതെയാണ് എന്ന് വ്യക്തമായി.

| ക്രമ നം | കെട്ടിട ഉടമയുടെ പേര്/ ഫയൽ നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| 1 | സുബൈദ/നസീജ /ബുഷ്റ ഫയൽ നമ്പർ എ2-4822/18 | 888.05 | 68380 | അടിസ്ഥാന നികുതി 888.05x70 = 62163.5 മേഖല പ്രാഥമികം - റോഡ് മണ്ണൂർ വളവ് മുക്കത്ത് കടവ് 5 മീറ്റർ 12432.70 20% തറയുടെ തരം മേൽത്തരം ടൈൽസ് 9324.53 15% ആകെ 83921 | 15541 |
| 2 | മുഹമ്മദ് ബഷീർ കുന്നത്ത് ഫയൽ എ2-8562/16 | 698.15 | 58645 | അടിസ്ഥാന നികുതി 698.15x70 =48870.5 റോഡ് 20% 9774.10 തറ ടൈൽസ് 15% 7330.58 ആകെ 65975 | 7330 |
| 3 | പുളിക്കൽ ശിവാനന്ദൻ | 259.9 | 19459 | അടിസ്ഥാന നികുതി | 15183 |

| | | | | | |
|---|---|---|---|---|---|
| | ഫയൽ<br>എ2-2555/2020 | | | ഗ്രൗണ്ട് ഫ്ലോർ<br>115.98x70<br>= 8118.6<br>ഒന്നാം നില<br>143.92x70<br>= 10074.4<br>ബഹുനില<br>വാണിജ്യ<br>ആവശ്യത്തിന്റെ<br>ഇളവ് 9520.3<br>5.5%<br>ആകെ<br>അടിസ്ഥാന<br>നികുതി 27713.30<br>മേഖല 10% കുറവ്<br>(-)2771<br>റോഡ് 20% 5543<br>തറ നിർമ്മിതി<br>തരം 4157<br>15%<br>ആകെ 34642 | |
| 4 | കൃഷ്ണൻകുട്ടി<br>കോട്ടാകളത്തിൽ<br>എ2-996/19 | 378.52 | 27018 | 378.52x70<br>= 26496.4<br>മേഖല 10% കുറവ്<br>(-)2649.64<br>റോഡ് 20%<br>5299.28<br>തറ നിർമ്മിതി<br>15% 3974.46<br>ആകെ 33121 | 6103 |

| | | | | | |
|---|---|---|---|---|---|
| 5 | ചിത്തരഞ്ജൻ.എം<br>ഫയൽ<br>എ2-9973/19 | 512.63 | 49213 | 512.63x80<br>= 41010.4<br>റോഡ് 20%<br>8202.08<br>തറ നിർമ്മിതി<br>15% 6151.5<br>ആകെ 55364 | 6151 |
| ആകെ | | | | | 50308 |

കെട്ടിട ഉടമ വസ്തുനികുതി റിട്ടേൺ ഫോറം II ൽ സമർപ്പിക്കുമ്പോൾ തറയുടെ നിർമ്മാണം പൂർത്തിയാക്കാനും, പൂർത്തിയാക്കാതിരിക്കാനും സാദ്ധ്യതയുണ്ട്. പൂർത്തിയാക്കാത്തവയിൽ വാർഡ് ക്ലാർക്കുമാർ തറ നിർമ്മാണം പൂർത്തിയാക്കുന്ന അർദ്ധ വർഷത്തിൽ ടാക്സ് റിവൈസ് ചെയ്ത് (മേൽത്തരം ടൈൽസ്/ഗ്രാനൈറ്റ്/മാർബിൾ കൊണ്ട് നിർമ്മിച്ച തറ നിർമ്മാണം) അത് ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടേയും ശ്രദ്ധയിൽ കൊണ്ട് വരുന്നു.

1-16 വസ്തുനികുതി കണക്കാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്ത് പരിധിയിലെ വാണിജ്യ കെട്ടിടങ്ങൾ 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ളവയ്ക്ക്(സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ ഒഴികെ) അടിസ്ഥാന നികുതി 70 രൂപയാണ്. എന്നാൽ ചുവടെ കൊടുത്ത വാണിജ്യ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് ഒരു ച.മീറ്റർ വിസ്തീർണ്ണത്തിന് 50 രൂപ അടിസ്ഥാനനികുതി കണക്കാക്കിയാണ് വസ്തുനികുതി നിർണ്ണയിച്ചത്. (100 ച,മീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്കാണ് അടിസ്ഥാന നികുതി 50 രൂപ ഗ്രാമപഞ്ചായത്ത് അംഗീകരിച്ചത്)

| ക്രമ നം | കെട്ടിട ഉടമസ്ഥന്റെ പേര്/ ഫയൽ നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഈടാക്കിയ നികുതി വഴി സൗകര്യം (20% വർദ്ധനവ് ഉൾപ്പെടെ) | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| 1 | അബ്ദുൾ ഹമീദ് ഫയൽ എ2-504/19 (കെട്ടിടം -10/173 എ മുതൽ 10/173 ഇ വരെ) | 112.83 ച.മീ | 6771 | 112.83 X70=7898 20% വർദ്ധനവ് 1579.60 ആകെ 9478 | 2707 |
| 2 | റിബി പിലാക്കാട്ട് ഫയൽ എ2-2945/19 (10/234 എ മുതൽ 10/234 എഫ് വരെ) (2019 20 First Half) | 103.09 | 6186 | 8660 | 2474 |

| | | | | | |
|---|---|---|---|---|---|
| 3 | കോട്ടാകളത്തിൽ<br>സനൽ<br>എ2-8529/17<br>(കെട്ടിടം 12/297 B<br>മുതൽ<br>12/297 N വരെ) | 196.96 | 10833 | 16545 | 5712 |
| 4 | നൗഷാദ്<br>തെച്ചിലോടൻ<br>പൂളമണ്ണ<br>എ2-5723/16<br>(10/178 എച്ച് മുതൽ<br>എ12 വരെ) എ6<br>ഒഴികെ)<br>" 10/78 എ6<br>2016-17 First Half) | 756.26<br>105.34 | 45376<br>8407 | 63526<br>8849 | 18150<br>442 |
| ആകെ | | | | | 29485 |

ഗ്രാമപഞ്ചായത്തിലെ 22 വാർഡുകളിലും ഉള്ള വാണിജ്യ കെട്ടിടങ്ങൾക്ക് 100 ച.മീറ്റർ വിസ്തീർണ്ണത്തിന് മുകളിൽ, 70 രൂപ ഒരു ചതുരശ്ര മീറ്ററിന് എന്ന നിരക്കിൽ കണക്കാക്കേണ്ടതിന പകരം 50 രൂപ എന്ന് തെറ്റായി കണക്കിലെടുത്ത് വസ്തുനികുതി നിർണ്ണയിച്ചത് മൂലം നികുതിയിൽ കുറവ് വന്നിട്ടുണ്ടോ എന്ന് ഓരോ വാർഡിന്റേയും ഉത്തരവാദിത്തമുള്ള ക്ലാർക്കുകൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കുറവ് വന്ന തുക കെട്ടിട ഉടമയിൽ നിന്നീടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-17 വാടക കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു.

കടലുണ്ടി ഗ്രാമപഞ്ചായത്തിൽ ആകെ 2 കെട്ടിടങ്ങളാണ് വാടകയ്ക്ക് കൊടുത്തിട്ടുള്ളത് (കെട്ടിട നമ്പർ 11/484, 11/485). ഇതിൽ 11/484 നമ്പർ കെട്ടിടത്തിൽ A, B, C, D, E എന്നീ മുറികളുണ്ട്. ഇവയിൽ 11/484 D

ഒഴികെ മറ്റെല്ലാ മുറികളും വാടകയ്ക്ക് കൊടുത്തിരിക്കുന്നു. വാടക രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 വർഷത്തിൽ 11/484 E നമ്പർ മുറി വാടകയ്ക്ക് എടുത്തിരിക്കുന്ന ശ്രീമതി ഷൈജ [W/O.ഷാജിഷ്, വസന്തവിഹാർ, മണ്ണൂർ (പി.ഓ) കുടിശ്ശികയായി 67032 രൂപ (അറുപത്തി ഏഴായിരത്തി മുപ്പത്തി രണ്ട് രൂപ) പഞ്ചായത്തിൽ അടവാക്കാനുണ്ട്. ഈ തുക അടവാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. 11/484 D നമ്പർ മുറി കാലങ്ങളായി വാടകയ്ക്ക് നൽകുന്നില്ല. ആയതിനാൽ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ നഷ്ടം സംഭവിക്കുന്നു. 11/484 D നമ്പർ മുറി വാടകയ്ക്ക് കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 ടാർ വില സർക്കാരിലേക്ക് തിരിച്ചടച്ചില്ല

കടലുണ്ടി ഗ്രാമപഞ്ചായത്തിലെ വിവിധ റോഡു പ്രവൃത്തിക്കായി 2014-15 വർഷത്തിൽ ഭാരത് പെട്രോളിയം കോർപറേഷനിൽ നിന്നും ടാർ വാങ്ങിയിരുന്നു. ബി.പി.സി.എൽ നു അധികം നൽകിയ തുകയായ 31,117/- രൂപ (മുപ്പത്തി ഒന്നായിരത്തി ഒരുന്നൂറ്റി പതിനേഴ് രൂപ) സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നത് സംബന്ധിച്ച് 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ 3-26 ൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഈ തുക നാളിതു വരെ സർക്കാരിലേക്ക് തിരിച്ചടച്ചില്ല. ശേഷം നടന്ന പ്രവർത്തികൾക്ക് വീണ്ടും ടാർ വാങ്ങി നാളിതുവരെ 72095/- രൂപ (എഴുപത്തി രണ്ടായിരത്തി തൊണ്ണൂറ്റി അഞ്ച് രൂപ) അവശേഷിക്കുന്ന തുകയായി. തുടർന്ന് ബി.പി.സി.എൽ 14.08.2017 DD No.050684 അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ നൽകി. ടി DD അക്കൗണ്ട് പേ ആയതിനാലും അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ അക്കൗണ്ട് ഇല്ലാതിരുന്നതിനാലും സ്റ്റെയ്ൽ ചെക്കായിമാറി. 20/03/2019 തീയതിയിൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ ട്രഷറി അക്കൗണ്ട് (Account No.799011400004833) തുടങ്ങി. പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനിയർ ബി.പി.സി.എല്ലുമായി കത്തിടപാട് നടത്തുകയും (കത്ത് നം.AE/Genrl/01/2018 Dated 21.01/2018) ആയതിന്റെ ഫലമായി ബി.പി.സി.എൽ ടി ചെക്ക് റീവാലിഡേറ്റ് ചെയ്തു (Bit/Refund/2018-19 Dated 30.09.2019) 17.09.2019 തീയതി SBI DD No.625481 അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ നൽകി. 24/10/2019 ന് പ്രസ്തുത തുക എഞ്ചിനിയറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ വരവ് വന്നു. നിലവിൽ ഈ തുക അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലാണുള്ളത്. നാളിതു വരെ ഈ തുക പഞ്ചായത്ത് ഫണ്ടിലേക്കോ സർക്കാരിലേക്കോ തിരിച്ചടച്ചിട്ടില്ല.

പ്രസ്തുത തുക ഏത് ഹെഡിലേക്കാണ് വരവ് വയ്ക്കേണ്ടതെന്ന് കണ്ടെത്തി അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 നിലവിലുള്ള തെരുവു വിളക്കുകളും വൈദ്യുതി ചാർജ്ജും അപഗ്രഥിക്കാതെ നിലാവ് പദ്ധതി തെരഞ്ഞെടുത്തു - വർഷം തോറും ലക്ഷങ്ങൾ പാഴാക്കുന്നു.

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ സ്ഥാപിക്കലും ഈയിനത്തിലുള്ള ചെലവും പരിശോധിച്ചപ്പോൾ 2017-18 മുതൽ പഞ്ചായത്ത് നിലവിലുള്ള പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കാൻ തുടങ്ങിയതായി കണ്ടു. 2017-18 മുതൽ 2020-21 വരെ പഞ്ചായത്ത് വിവിധ വാർഡുകളിലായി സ്ഥാപിച്ച തെരുവുവിളക്കുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | പ്രോജക്ട് നമ്പർ/പേര് | ചെലവ് തുക/ബിൽ നമ്പർ | സ്ഥാപിച്ച എൽ.ഇ.ഡി ബൾബുകളുടെ എണ്ണം |
|---|---|---|---|
| 2017-18 | 241/18സ്ട്രീറ്റ് ലൈറ്റ് (LED ബൾബ്) | 324508 (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) ബി.നം - 30/20-2-2018 | 15W LEDസ്ട്രീറ്റ് ലൈറ്റ് - 220 |
| 2018-19 | 11/19 സ്ട്രീറ്റ് ലൈറ്റ് (LED ബൾബ്) | 350000 (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) ബി.നം - 17/19-11-2018 | 15W LEDസ്ട്രീറ്റ് ലൈറ്റ് - 226 |
| 2020-21 | 170/21 ഊർജ്ജ സംരക്ഷണം LED ബൾബാക്കി മാറ്റൽ | 98223+ ബി.നം- 8/12-5-20<br>992 ബി.നം-17/11-6-20<br>99215 | 15W LEDസ്ട്രീറ്റ് ലൈറ്റ് - 190 |
| | ആകെ | 773723 | 636 |

പഴയ ബൾബ് മാറ്റി എൽ.ഇ.ഡി ബൾബാക്കുന്നതിനുള്ള പ്രോജക്ട് വച്ചതിൽ 3 വർഷത്തെയും ടെണ്ടർ ശ്രീ.ജെയ്സൽ.പി.പി, പി.പി. ലൈറ്റ്സ്, പെരിയമ്പലം എന്നവർക്കാണ് ടെണ്ടർ നൽകി 2 വർഷ ഗ്യാരന്റിയോടു കൂടി എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ചിരിക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ ഓരോ വർഷവും മേൽ പ്രോജക്ടു മുഖേന സ്ഥാപിച്ച തെരുവുവിളക്കുകൾ ഏതൊക്കെ പോസ്റ്റുകളിലാണെന്നുള്ളത് കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ എൻട്രി നടത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ആകെ എത്ര തെരുവു വിളക്കുകൾ ഉണ്ട് എന്നും അത് എവിടെയൊക്കെയാണെന്നുമുള്ളതിന്റെ വിവരം കാണിക്കുന്ന ഒരു രജിസ്റ്റർ പഞ്ചായത്തും കെഎസ്.ഇ.ബി

യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ-3-5 ൽ കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി രജിസ്റ്റർ തയ്യാറാക്കാൻ ഓഡിറ്റ് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇതുവരെയും ആയത് പാലിച്ചിട്ടില്ല. 2016-17 വർഷം ശരാശരി ഓരോ മാസവും 48000 രൂപയാണ് (കൺസ്യൂമർ നം. 12157) തെരുവു വിളക്ക് വൈദ്യുതി ചാർജ്ജിനത്തിൽ പഞ്ചായത്തിന് അടയ്ക്കേണ്ടി വന്നത്. 17-18, 18-19, 20-21 വർഷങ്ങളിലായി മേൽ കാണിച്ച പ്രകാരം ആകെ 636 എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ചിട്ടുണ്ട്. 11-9-2020 ലെ ഭരണ സമിതിയുടെ 15/1 നമ്പർ തീരുമാന പ്രകാരം 14-10-2020 ൽ മണ്ണൂർ കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തെരുവു വിളക്കിന്റെ വൈദ്യുതി ചാർജ്ജ് പുനർ നിർണ്ണയിക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി തുടർ വർഷങ്ങളിൽ തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് പുനർ നിർണ്ണയിച്ചതിനാൽ 11/2020 മുതൽ നിരക്കിൽ കുറവു വരുത്തിയിട്ടുണ്ട്. 2017-18 മുതൽ 2020-21 വരെയുള്ള വർഷങ്ങളിൽ തെരുവു വിളക്ക് വൈദ്യുതി ചാർജ്ജ് പഞ്ചായത്തിന്റെ കറന്റ് ചാർജ്ജ് രജിസ്റ്റർ പ്രകാരം താഴെ കൊടുത്തിരിക്കുന്നു.

| വർഷം | ചെലവ് തുക |
|---|---|
| 2017-18 | 625578 |
| 2018-19 | 641914 |
| 2019-20 | 679065 |
| 2020-21 | 574396 |
| 2021-22 | 12/2021 വരെ 9 മാസങ്ങളിൽ 293721 (ബാക്കിയുള്ള 3 മാസത്തേക്ക് പ്രതിമാസം ശരാശരി 32500 രൂപ ചാർജ്ജ് കണക്കാക്കിയാൽ 390000 രൂപ) |

2019-20 ൽ 679065 രൂപ വാർഷിക വൈദ്യുതി ചാർജ്ജുള്ളതിൽ നിന്നും 288465 രൂപ കുറഞ്ഞ് നിലവിൽ ഗ്രാമപഞ്ചായത്ത് വർഷം തോറും ശരാശരി 390600 രൂപയാണ് സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജിനത്തിൽ അടയ്ക്കുന്നത്.

13.01.2021 ലെ 1/1 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരമ്പരാഗത തെരുവു വിളക്കുകൾക്ക് പകരമായി എൽ.ഇ.ഡി കൾ സ്ഥാപിക്കുന്നതിനുള്ള നിലാവ് പദ്ധതി സർക്കാരിന്റെ 25.01.2020 തിയ്യതിയിലെ സ.ഉ. കൈ 202/2021/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കടലുണ്ടി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. പ്രസ്തുത ഉത്തരവിലെ ഒന്നാം നമ്പർ പാക്കേജ് ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കുന്നതിനും, പദ്ധതിയുടെ

നടത്തിപ്പിന്റെ ഭാഗമായി വരുന്ന ചെലവ് തുക വരുന്ന ഏഴ് വർഷങ്ങളിലെ വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്ത് കിഫ്ബിയ്ക്ക് നൽകുന്നതിന് സമ്മതമാണെന്ന് സർക്കാരിനെ അറിയിക്കുന്നതിനും തീരുമാനിച്ചു.

പാക്കേജ് 1 ൽ താഴെ കൊടുത്തിരിക്കുന്ന സവിശേഷതകളാണുള്ളത്.

| | Package I |
|---|---|
| 18 W LED Bulb | 250 |
| 35 W LED Bulb | 200 |
| 70 W LED Bulb | 25 |
| 110 W LED Bulb | 25 |
| Total No. Of LEDs | 500 |
| Project Cost (Rs.lakhs ) | 14.22 |
| Annual Energy Savings (Kwh) | 81780 |
| Expected Annual Saving In Electricity Bill (Rs.lakhs ) | 3.52 |
| Annual Subscription Payments To KIIFB (Rs.lakhs ) | 2.64 |

ഉത്തരവ് പ്രകാരം ആകെ ചെലവ് തദ്ദേശ സ്ഥാപനങ്ങളുടെ വികസന ഫണ്ടിന്റെ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് കിഫ്ബിയ്ക്ക് നൽകുന്നതാണ്. പ്രസ്തുത തീരുമാനമെടുത്ത് നിലാവ് പദ്ധതിയിൽ ചേരുമ്പോൾ നിലവിലുള്ള 636 സ്ട്രീറ്റ് ലൈറ്റുകൾ നേരത്തെ തന്നെ എൽ.ഇ.ഡി. ബൾബുകൾ ആക്കി മാറ്റിയത് പരിഗണിച്ചു കാണുന്നില്ല. 2020-21 വർഷം പ്രോജക്ട് നമ്പർ 200/21 (സ്പിൽ ഓവർ) പ്രകാരം 86 എൽ.ഇ.ഡി. ബൾബ് റിപ്പയർ ചെയ്യുന്നതിന് ഒന്നിന് 250 രൂപ നിരക്കിൽ 21500 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ അവയിൽ മിക്കവയും ഇപ്പോഴും പ്രകാശിക്കുന്നവയാണെന്ന് വ്യക്തമാണ്. 2019-20 ൽ 679065 ഉണ്ടായിരുന്ന വാർഷിക വൈദ്യുതി ചാർജ്ജ് നവംബർ 2020 മുതൽ മാസം ശരാശരി 32000

ആയി കുറഞ്ഞത് (വാർഷിക ചാർജ്ജ് 390000) മേൽ പ്രോജക്റ്റ് പ്രകാരം എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിച്ചതു കൊണ്ടാണെന്ന് വ്യക്തമാണ്.

നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് പരിധിയിൽ കടലുണ്ടി കെ.എസ്.ഇ.ബി. സെക്ഷൻ 450 എൽ.ഇ.ഡി. ബൾബുകൾ 16.8.2021 തിയ്യതി വരെ സ്ഥാപിച്ചതായി അറിയിച്ചിട്ടുണ്ട്. നിലവിൽ എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിച്ച പോസ്റ്റുകളിൽ തന്നെ കെ.എസ്.ഇ.ബി. വീണ്ടും എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിച്ചിട്ടുണ്ടോ എന്നത് പരിശോധിക്കപ്പെട്ടിട്ടില്ല.

നിലാവ് പോർട്ടലിലെ പ്രശ്നങ്ങൾ കാരണം കെ.എസ്.ഇ.ബി. സ്ഥാപിച്ച 287 എൽ.ഇ.ഡി. ബൾബുകൾ മാത്രമേ ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ളൂ. 08.09.2021 ലെ എ4/6390/2021 പ്രകാരം പഞ്ചായത്ത് കെ.എസ്.ഇ.ബി.യോട് നിലാവ് പദ്ധതി പ്രകാരം സ്ഥാപിച്ച ഊർജ്ജ ഉപഭോഗത്തിനനുസരിച്ച് കറന്റ് ചാർജ്ജ് പുനർ നിർണ്ണയിക്കാനാവശ്യപ്പെട്ടുവെങ്കിലും പോർട്ടലിലെ പ്രശ്നം പരിഹരിച്ച് മുഴുവൻ ഇൻസ്റ്റലേഷനും ഗ്രാമപഞ്ചായത്ത് അംഗീകരിക്കുന്ന മുറയ്ക്ക് കറന്റ് ചാർജ്ജ് പുനർ നിർണ്ണയിച്ചു തരുന്നതാണെന്ന് 03.11.21 ലെ ബി.ബി/ഇ.എസ്.കെ.ഡി.എൽ.വൈ/2021-22/146 കത്ത് മുഖേന കടലുണ്ടി കെ.എസ്.ഇ.ബി. അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് നിലാവ് പദ്ധതിയിൽ ചേരുന്നതിന് മുമ്പ് പഞ്ചായത്തിന്റെ നിലവിലെ തെരുവ് വിളക്കുകളുടെ അവസ്ഥയെപ്പറ്റി കൃത്യമായ ധാരണയുണ്ടാക്കിയിട്ടില്ലെന്നത് താഴെ കൊടുത്തിരിക്കുന്ന കാരണങ്ങളാൽ വ്യക്തമാണ്.

1. 2017-18 ൽ ഗ്രാമപഞ്ചായത്തിന്റെ ഇലക്ട്രിസിറ്റി ചാർജ്ജ് രജിസ്റ്റർ പ്രകാരം 625578 രൂപ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ അടച്ചത് 2020-21 ആയപ്പോൾ പ്രതിമാസം ശരാശരി 32500 ആയി കുറഞ്ഞതിനാൽ തന്നെ നിലവിൽ വർഷത്തിൽ 390000 രൂപ ആയി കുറവ് വന്നിട്ടുണ്ട്. ഇപ്രകാരം കറന്റ് ചാർജ്ജിൽ കുറവ് വന്നതിന്റെ വിശദാംശം നിലാവ് പദ്ധതിയുടെ ഭാഗമാകുന്നതിന് മുമ്പ് പരിശോധിക്കപ്പെട്ടിട്ടില്ല.

2. കെഎസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി നിലവിൽ ആകെ എത്ര എൽ.ഇ.ഡി വിളക്കുകൾ ഏതൊക്കെ വാർഡുകളിലായി ഏതൊക്കെ പോസ്റ്റുകളിലായി സ്ഥാപിച്ചിട്ടുണ്ടെന്നുള്ളതിന്റെ കൃത്യമായ കണക്കെടുപ്പ് നടത്തി തയ്യാറാക്കിയ ഡാറ്റയും രജിസ്റ്ററും ഇല്ലാതെയാണ് നിലാവ് പദ്ധതിയിൽ 500 എണ്ണം എൽ.ഇ.ഡി ബൾബ് ഉൾക്കൊള്ളുന്ന പാക്കേജ് സെലക്റ്റ് ചെയ്ത് പഞ്ചായത്ത് അംഗമായത്.

പഞ്ചായത്ത് പരിധിയിൽ നേരത്തെ തന്നെ സ്ഥാപിച്ച പരമ്പരാഗതമായ സി.എഫ്.എൽ. ബൾബുകൾ മാറ്റി പദ്ധതി മുഖേന 8 ലക്ഷത്തോളം രൂപ ചെലവഴിച്ച് 636 എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിച്ചത് പരിഗണിക്കാതെ നിലാവ് പദ്ധതിയിൽ ചേർന്ന് പഞ്ചായത്തിന്റെ വികസനഫണ്ടിൽ 7

വർഷത്തോളം കുറവ് വരുത്തുന്ന സാഹചര്യത്തിനിടയാക്കിയത് വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (21/31-1-22) മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റ് ചൂണ്ടിക്കാണിച്ച പ്രകാരം തെരുവുവിളക്ക് സംബന്ധിച്ച് കൃത്യമായ ഡാറ്റ തയ്യാറാക്കി നിലാവ് പദ്ധതി തെരഞ്ഞെടുത്തത് പഞ്ചായത്തിന് ഗുണകരമാകുന്നതെങ്ങിനെയെന്ന് പരിശോധിച്ച് അറിയിക്കേണ്ടതാണ്.

1-20 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗവിവരം ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 53/21 |
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടി പരിപാലന പദ്ധതി. |
| അടങ്കൽ | 625000/- (3,12,500 + 3,12,500 ) |
| ഫണ്ടിനം | (വികസനഫണ്ട് ജനറൽ+ മറ്റുള്ളവ) |
| ചെലവ് തുക | 3,12,500/- (വികസന ഫണ്ട് ജനറൽ) |
| ബിൽ നം | 4/21-1-21 |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം 4 - 6 മാസം വരെ പ്രായമുള്ള 25 കന്നുകുട്ടികളെ തെരഞ്ഞെടുത്ത് 32 മാസം വരെ ശാസ്ത്രീയ തീറ്റ നൽകി ആരോഗ്യമുള്ള കാലി സമ്പത്ത് വളർത്തുക എന്നതാണ് ലക്ഷ്യം. പ്രസ്തുത ലക്ഷ്യം മുൻനിർത്തി പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും 312500/- രൂപ 25 കന്നുകുട്ടികളുടെ പരിപാലനത്തിനായി പഞ്ചായത്ത് വിഹിതമിനത്തിൽ പിൻവലിച്ച് അസി.ഡയറക്ടർ, കാഫ്ഫീഡ് സബ്സിഡി സ്കീം കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്. തുക അസി.ഡയറക്ടർ കൈപ്പറ്റിയതിന്റെ രശീതി, നാളിതുവരെയുള്ള വിനിയോഗവിവരം, ഭൗതിക പുരോഗതി റിപ്പോർട്ട് എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (14/29-1-22) മറുപടി നൽകിയിട്ടില്ല. വിനിയോഗവിവരവും ഭൗതിക പുരോഗതി റിപ്പോർട്ടും ഹാജരാക്കുന്നതുവരെ 312500 രൂപയുടെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

1-21 വരൾച്ചാ ദുരിതാശ്വാസ കുടിവെള്ള വിതരണം- നിർവ്വഹണത്തിലെ അപാകതകൾ

വരൾച്ചാ കാലത്ത് കുടിവെള്ളവിതരണം നടത്തുന്നതിനായി 2019-20, 20-21 വർഷങ്ങളിലായി താഴെ കൊടുത്തിരിക്കും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| | 2019-20 | 20-21 | ആകെ ചെലവ് |
|---|---|---|---|
| പ്രോജക്റ്റ് നം | 268/20 | 290/21 | |
| അടങ്കൽ തുക | 800000/- (തനതു ഫണ്ട്) | 495000 (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ) | |
| ചെലവു തുക | 648252/- രൂപ (ചെക്ക് നമ്പർ - 5130930/16-11-19) | 39342 (ബിൽ നമ്പർ - 40/25-3-21) | 682594 |

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

വരൾച്ച മൂലം രൂക്ഷമായ കുടിവെള്ള പ്രശ്നം നേരിടുന്ന ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ഷൈജു.പി, കല്ലുവളപ്പിൽ ഹൗസ് എന്നവർക്ക് ടെണ്ടർ പ്രകാരം 2019-20 വർഷത്തെ കുടിവെള്ള വിതരണം നടത്തിയതിന് 648252 രൂപ നൽകിയിട്ടുണ്ട്. വരൾച്ച ബാധിച്ച വിവിധ വാർഡുകളിലായി കരാറുകാരൻ 4000 ലിറ്റർ വഹിക്കുന്ന വാഹനത്തിൽ ഒരു കിലോമീറ്ററിന് 400 രൂപ നിരക്കിൽ 1637 കിലോമീറ്ററിൽ കുടിവെള്ളം വിതരണം ചെയ്തതിന് ഗ്രാമ പഞ്ചായത്തിന് 654800 രൂപ തൻവർഷം ചെലവായിട്ടുണ്ട്. ഇതിൽ 648252 രൂപ പദ്ധതി മുഖേനയും 6548 രൂപ തനതു ഫണ്ടിൽ നിന്നും നേരിട്ടുമാണ് ചെലവഴിച്ചത് (വൗച്ചർ നംപർ 21900724/17-11-19). 2020-21 ലും 4000 ലിറ്റർ വഹിക്കുന്ന വാഹനത്തിൽ ഒരു കിലോമീറ്ററിന് 158 രൂപ നിരക്കിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ഷൈജു.പി, കല്ലുവളപ്പിൽ ഹൗസ് എന്നവർക്ക് തന്നെയാണ് കുടിവെള്ള വിതരണത്തിനുള്ള കരാർ ലഭിച്ചത്. വിവിധ വാർഡുകളിലായി 248 കിലോമീറ്ററിൽ കുടിവെള്ളം വിതരണം ചെയ്തതിന് 39342 രൂപ 20-21 ലും ചെലവഴിച്ചിട്ടുണ്ട്. പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1.കുടിവെള്ള വിതരണത്തിന്റെ ചെലവ് തുക ദുരന്ത നിവാരണ നിധിയിൽ നിന്ന് റീക്ലപ്പ് ചെയ്യാൻ നടപടി സ്വീകരിച്ചില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 166ാം വകുപ്പ 3 ാം പട്ടിക പ്രകാരം പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയും ജലവിതരണ പദ്ധതികളുടെ നടത്തിപ്പ് മേഖലാടിസ്ഥാനത്തിലുള്ള ചുമതലയുമാണ്. 23.2.2017 ലെ (സാധാ) നം. 787/2017/ഡി.എം.ഡി നം. ഉത്തരവ് ഖണ്ഡിക 5 പ്രകാരം അതത് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കുടിവെള്ളം ആവശ്യത്തിന് ലഭ്യമായിട്ടുള്ള പക്ഷം പ്രസ്തുത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരവരുടെ സംവിധാനം ഉപയോഗിച്ച് ജലവിതരണം നടത്താവുന്നതാണ്. 20.06.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം നം 3.12 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വരൾച്ച മുതലായ അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ അതിന്റെ ബിൽ തുക ജില്ല കളക്ടർമാർക്ക് നൽകി റീക്ലപ്പ് ചെയ്ത് കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14-8-19ലെ LSGD-FM3/262/2019-LSGD നമ്പർ കത്തിലൂടെ അക്കാര്യം പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. കുടിവെള്ള വിതരണത്തിന് തടസ്സമുണ്ടാകരുത് എന്നതിനാലാണ് ഇക്കാര്യത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന/തനത് ഫണ്ട് ചെലവഴിക്കാൻ സർക്കാർ യഥേഷ്ടാനുമതി നൽകുന്നത്. ചെലവു തുക റീക്ലപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതിനാൽ 2019-20ൽ ചെലവായ 654800 രൂപ തനതു ഫണ്ടും 2020-21 ൽ ചെലവായ 39342 രൂപ ഫിനാൻസ് കമ്മീഷൻ ഗ്രാന്റും ഉൾപ്പെടെ 694142 രൂപ പഞ്ചായത്തിന് നഷ്ടമാകുന്ന അവസ്ഥയുണ്ട്.

2.ഫുഡ്$സേഫ്റ്റി നിയമപ്രകാരമുള്ള വ്യവസ്ഥകൾ ഉറപ്പുവരുത്താതെ കുടിവെള്ള വിതരണം നടത്തി .

2006 ലെഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം വകുപ്പ് 3 (ജെ) പ്രകാരം കുടിവെള്ളം ആഹാരത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നതാണ്. ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ നിയമം 2011 പ്രകാരം എഫ്.ബി.ഒ. (FBO- Food Business Operator) ലൈസൻസ് എടുക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ടാങ്കുകളിൽ മാത്രമേ സംസ്ഥാനത്ത് കുടിവള്ളം വിതരണം /വിൽപ്പന നടത്താൻ പാടുള്ളൂ. കുടിവള്ള വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ

വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ഈ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകളെ ലൈസൻസിൽ രേഖപ്പെടുത്തി പ്രത്യേകം ലൈസൻസ് എടുത്തിരിക്കണം. കുടിവള്ളം വിതരണം ചെയ്യുന്ന ടാങ്കർ

ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും എഫ്.ബി.ഒ. ലൈസൻസ് നമ്പർ രേഖപ്പെടുത്തണം.

എന്നാൽ രണ്ട് വർഷവും കുടിവെള്ളം വിതരണം നടത്താനുപയോഗിച്ച K07BB 6306 എന്ന വാഹനത്തിന് എഫ്.ബി.ഒ. ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ കരാറുകാർ ഹാജരാക്കിയിട്ടില്ല. കുടിവെള്ളം വിതരണം ചെയ്യുന്ന ഉപകരണങ്ങൾ ഹെൽത്ത് ഇൻസ്പെക്ടറെക്കൊണ്ട് പരിശോധന നടത്തിച്ച് റിപ്പോർട്ട് വാങ്ങേണ്ടതാണെന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം പ്രകാരം കുടിവെള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിങ്ങോ മറ്റ് അനുവദനീയ കോട്ടിങ്ങോ ഉള്ളവയായിരിക്കണം. ആയത് സംബന്ധിച്ച പരിശാധന റിപ്പോർട്ടുകൾ ഫയലിൽ ലഭ്യമാക്കിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (13/29-1-22) മറുപടി നൽകിയിട്ടില്ല. അപാകതയ്ക്ക് വ്യക്തമായ മറുപടി നൽകേണ്ടതും ചെലവ് തുക റീക്കുപ്പ് ചെയ്യാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

1-22 പഞ്ചായത്ത് ഓഫീസിലേക്കും ഘടക സ്ഥാപനങ്ങളിലേക്കും അങ്കണവാടികളിലേക്കും ജപ്പാൻ കുടിവെള്ള കണക്ഷൻ -സെന്റേജ് ചാർജ്ജ് അധിക നിരക്കിൽ ഈടാക്കി,പ്രവൃത്തി പൂർത്തീകരിച്ചില്ല.

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | 250/21 | |
| വകയിരുത്തിയ തുക | 500000(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | |
| ചെലവ് തുക | 500000 | ബിൽ നമ്പർ 35/25-3-21 |

പഞ്ചായത്ത് ഓഫീസ്, വിവിധ ഘടക സ്ഥാപനങ്ങൾ, അങ്കണവാടികൾ എന്നിവയുൾപ്പെടെ 43 സ്ഥാപനങ്ങളിലേക്ക് ജപ്പാൻ കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിനാണ് പദ്ധതി ലക്ഷ്യം വെക്കുന്നത്. ഇതിനായി 56000 രൂപയുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റിയുടെ കോഴിക്കോട് വിഭാഗം തയ്യാറാക്കി നൽകിയിട്ടുണ്ട്. ഇതിനായി 458371.34 രൂപയും 10% സെന്റേജ് ചാർജ്ജായ 45837.13 രൂപയും 12% ജി.എസ്.ടി ആയ 55004.56 രൂപയും Lumpsum For Round Off 786.97 രൂപയും ഉൾപ്പെടെ 560000 രൂപ കെ.ഡബ്ള്യു.എ യിൽ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തു. പ്രവൃത്തി നിർവ്വഹണത്തിൽ താഴെ

കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1.സ.ഉ.(പി) നംപർ. 95/2017 ഫിൻ ഫിൻ തീയ്യതി 25-7-2017 പ്രകാരം എസ്റ്റിമേറ്റ് നിരക്കിലോ, പ്രവൃത്തി മൂല്യത്തിൻമേലോ ഏതാണോ കുറവ് അതിൻമേൽ അനുവദിക്കാവുന്ന പരമാവധി സെന്റേജ് ചാർജ്ജ് 1 കോടിയിൽ താഴെ അടങ്കൽ/പ്രവൃത്തി മൂല്യമുള്ള വർക്കുകൾക്ക് 8% മാത്രമാണ്. എന്നാൽ ഇവിടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ കെ.ഡബ്ല്യൂ.എ 10% നിരക്കിൽ സെന്റേജ് ചാർജ്ജ് ഉൾപ്പെടെയാണ് തുക കണക്കാക്കി ഈടാക്കിയത്.

2.സ.ഉ.(കൈ) നം.2018/ത.സ്വ.ഭ.വ തീയ്യതി.29-1-18 ഖ.11.2 (ഡി) പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ. എന്നാൽ ഈ പ്രവൃത്തിക്ക് തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ പഞ്ചായത്ത് പി.ഡബ്ള്യു.ഡിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

3.മേൽ ഉത്തരവ് പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. എന്നാൽ അപ്രകാരം പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിച്ചതായ വിവരങ്ങൾ ഫയൽ പ്രകാരം ലഭ്യമല്ല. പ്രവൃത്തി നാളിതു വരെ പൂർത്തീകരിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (15/29-1-22) മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതും പ്രവൃത്തി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നതുവരെ 500000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-23 വി.ഇ.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങിയ വകയിൽ കെൽട്രോണിന് അധിക തുക നൽകി

പ്രോജക്ട് നമ്പർ - 209/21 (സ്പിൽ ഓവർ)

നിർവ്വഹണം - വി.ഇ,ഒ

വകയിരുത്തിയ തുക - 75000 (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)

ചെലവഴിച്ച തുക - 55813 (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് )

ബിൽ നമ്പർ - 2/18.04.2020

സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിലൂടെ വി.ഇ,ഒ. യുടെ ഓഫീസിലേക്ക് കെൽട്രോണിൽ നിന്നും ഒരു ഡെസ്ക് ടോപ്പും, ഒരു പ്രിന്ററും വാങ്ങിയ വകയിൽ താഴെ കൊടുത്ത പ്രകാരം 50974 രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ഇനം | ഇൻവോയ്സ് നമ്പർ/തീയതി | വില (നികുതി ഉൾപ്പെടെ) |
|---|---|---|---|
| 1 | HP ഡെസ്ക് ടോപ്പ് | ITP/07576/20-21<br>21.12.20 | 30786 |
| 2 | HP ലേസർജെറ്റ് എ4 മൾട്ടി ഫങ്ഷൻ പ്രിന്റർ | ITP/00863/21-22<br>14.06.21 | 20188 |
| | ആകെ | | 50974 |

കമ്പ്യൂട്ടറും പ്രിന്ററും വാങ്ങുന്നതിന് മുൻകൂറായി 55813/- രൂപ 18.04.20 ന് കെൽട്രോണിൽ അടവാക്കിയിട്ടുണ്ട്.

കെൽട്രോണിന് അധികമായി നൽകിയ 4839 (55813-50974) രൂപ തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (16/29-1-22)31-1-22 ന് വി.ഇ.ഒ നൽകിയ മറുപടിയിൽ അധികമായി നൽകിയ 4839 രൂപ തിരികെ അടക്കാൻ കെൽട്രോണിന് നിർദ്ദേശം നൽകിയതായി അറിയിച്ചിട്ടുണ്ട്. 4839 രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

1-24 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ -പ്രോജക്ട് നിർവ്വഹണം അപാകതകൾ

പ്രോജക്ട് നം. : 240/21 (സ്പിൽ ഓവർ)

അടങ്കൽ തുക : 1,00,000/- രൂപ (സി.എഫ്.സി ഗ്രാന്റ് )

ചെലവ് തുക : 83420/- രൂപ(സി.എഫ്.സി ഗ്രാന്റ് )

ബിൽ നം :16/4-6-20

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ വാർഷിക മെയിന്റനൻസ് നടത്തുന്നതിനായി 14-10-19 -ന് ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ്

ലൈസൻസുള്ള ശ്രീ.ജെയ്സൽ.പി.പി, പി.പി.ലൈറ്റ്സ്, പെരിയമ്പലം എന്നിവരുടെ ടെണ്ടർ ഭരണസമിതി അംഗീകരിക്കുകയുണ്ടായി (19-10-19ലെ 2/2 നം.തീരുമാനം). 15W LED ബൾബ് ഒന്നിന് 180/-രൂപയും,36W സിഎഫ്.എല്ലിന് 1 ന് 230/-രൂപയും, 15 W എൽ.ഇ.ഡി ബൾബിന് 1 ന് 250/-രൂപയും കൂടാതെ സർവീസ് വയറിനും പിൻ ഹോൾഡറിനും വ്യത്യസ്ത നിരക്കും ലേബർ ചാർജ്ജും റിപ്പയർ ചാർജ്ജായി ടിയാൻ ക്വാട്ട് ചെയ്തിട്ടുള്ളത്. 30-10-2019ന് കരാർവെച്ച് പ്രവൃത്തി ആരംഭിച്ച് കാണുന്നു. തെരുവു വിളക്കുകൾ റിപ്പയർ ചെയ്ത് സമർപ്പിച്ച ബിൽ പ്രകാരം കരാറുകാരന് 83420 രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകത ചുവടെ ചേർക്കുന്നു.

1. തെരുവു വിളക്കുകളുടെ റിപ്പയറും മെയിന്റനൻസും ടെണ്ടറിലൂടെ നടപ്പാക്കുന്നതു സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം (സർക്കുലർ ന.3055/ഡിഎ.3/2011/ത.സ്വ.ഭ.വ/തീ.15.09.2011) പ്രവൃത്തികൾക്കുപയോഗിക്കുന്ന സാമഗ്രികൾ ഐ.എസ്.ഐ നിലവാരത്തിലുള്ളതും സാമഗ്രികളുടെ നിരക്ക് വൈദ്യുതി ബോർഡിന്റെ നിരക്കിനെക്കാൾ കൂടാൻ പാടില്ലാത്തതുമാണ്. എന്നാൽ വൈദ്യുതി ബോർഡിന്റെ നിരക്ക് ലഭ്യമാക്കി കരാറുകാരന്റെ നിരക്കുമായി താരതമ്യം ചെയ്യാതെയും സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താതെയുമാണ് മേൽ ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്.

2. കേടുവന്ന വിളക്കുകൾ പോസ്റ്റിൽ കയറി റിപ്പയർ ചെയ്യുന്നതിന് കെ.എസ്.ഇ.ബി യിൽ നിന്നും അനുമതി പത്രം ലഭ്യമാക്കിയിട്ടില്ല.

3. പഴയ കേടുവന്ന ലൈറ്റുകൾ മാറ്റി സ്ഥാപിച്ചപ്പോൾ ഏതെല്ലാം സ്പെയർപാർട്ടുകളാണ് മാറ്റിയതെന്നോ മാറ്റിയവയുടെ രജിസ്റ്ററോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

തെരുവു വിളക്കു പരിപാലനവുമായി ബന്ധപ്പെട്ട മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (20/31-1-22) മറുപടി നൽകിയിട്ടില്ല. മേലിൽ ഇത്തരം പ്രോജക്ടുകൾ ഏറ്റെടുത്ത് നിർവ്വഹിക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ലാപ് ടോപ്പ് വാങ്ങി വിതരണം ചെയ്യാതെ സൂക്ഷിക്കുന്നു.

(ബിൽ നമ്പർ 5/20.04.20 തിയ്യതി 68685/-SCP)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്ന പ്രോജക്ട് (211/21 SO) പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി.മിഷനിൽ നിന്നും 22895 രൂപ വിലയുള്ള മൂന്ന് മീഡിയം എന്റ് ഉബണ്ടു ലാപ്ടോപ്പുകൾ വാങ്ങിയിരുന്നു. അതിൽ രണ്ടെണ്ണം ഫിഗോ അനിൽ, രഞ്ജിത്ത് എന്നീ വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്. ബാക്കിയുള്ള ഒരു ലാപ്ടോപ്പ് ഇതുവരെയും ആർക്കും

വിതരണം ചെയ്യാതെ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. ലാപ്ടോപ്പിന്റെ ബിൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ബിൽ പരിശോധനക്ക് ഹാജരാക്കേണ്ടതും ലാപ്ടോപ്പ് വാങ്ങി വിതരണം ചെയ്യാത്തതിന് വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/2020-21 തിയ്യതി 31.01.22) ലഭ്യമാക്കിയ മറുപടിയിൽ മൂന്നാമത്തെ ഗുണഭോക്താവ് ലാപ്ടോപ്പ് കൈപ്പറ്റാത്തതിനാലാണ് വിതരണം ചെയ്യാൻ സാധിക്കാതിരുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അർഹതപ്പെട്ട മറ്റ് ഗുണഭോക്താക്കളെ കണ്ടെത്തി ഇതുവരെയും ലാപ് ടോപ്പ് വിതരണം ചെയ്യാതെ സൂക്ഷിച്ചത് അംഗീകരിക്കാവുന്നതല്ല. എത്രയുംവേഗം ലാപ്ടോപ്പ് അർതപ്പെട്ടവർക്ക് വിതരണം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്. ചെലവു തുക 22895/-രൂപ തടസ്സത്തിൽവെക്കുന്നു.

1-26 പ്രവൃത്തി പൂർത്തീകരിച്ചില്ല – ഫൈനൽ ബിൽ തുക നൽകാതെ പദ്ധതി ഉപേക്ഷിച്ചു

2018-19 വർഷത്തിൽ അസി.എഞ്ചിനീയർക്ക് നിർവ്വഹണം നടത്താനായി 8,13,000/- രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതിയാണ് ബാല സൗഹൃദ പഞ്ചായത്ത്-അങ്കണവാടികളുടെ നവീകരണം (നം. 167/19) എന്നത്. പിലാക്കാട്, കടലുണ്ടി ഈസ്റ്റ്, ആറ്റുകുന്നത്ത് എന്നീ അംഗൻവാടികളുടെ വിവിധങ്ങളായ അറ്റകുറ്റപണികൾക്കാണ് പദ്ധതി വിഭാവനം ചെയ്തത്. തൻവർഷം ടെണ്ടർ നടപടികൾ സ്വീകരിച്ച് ഹസ്സൻകോയ.പി എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചു.

അളവു പുസ്തകം 67/12-13 പരിശോധിച്ചതിൽ ആറ്റുകുന്നത്ത്, കടലുണ്ടി ഈസ്റ്റ് എന്നീ അങ്കണവാടികളുടെ വിവിധ പ്രവൃത്തികളും പിലാക്കാട് അങ്കണവാടിയുടെ മുറ്റം ടൈലിടൽ പ്രവൃത്തി മാത്രവും (പി.വി.സി ടാങ്ക് സ്ഥാപനവും അനുബന്ധ പ്രവൃത്തികളും പ്രധാനമായും ഉൾപ്പെട്ടിരുന്നു) നടത്തി കരാറുകാരന് 464945/-രൂപയുടെ പാർട്ട് ബിൽ നൽകി (ബിൽ നം.28/19-20/24.7.19). തുടർന്ന് അതേ വർഷത്തിൽ തന്നെ ആറ്റുകുന്നത്ത്, അങ്കണവാടിയുടെ റിപ്പയർ പ്ലാസ്റ്ററിംഗും, പെയിന്റിംഗും നടത്തി അളവു പുസ്തകം പേജ് 96 ൽ ആകെ പ്രവൃത്തി മൂല്യം 502135/- രൂപ കണക്കാക്കി ഫൈനൽ ബിൽ തയ്യാറാക്കി കാണുന്നു (പ്രവൃത്തി ഭാഗികമായി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ). എന്നാൽ 2019-20 വർഷത്തിലും, തുടർന്ന് 2020-21 വർഷത്തിലും (പദ്ധതി സ്പിൽഓവർ ആയി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും) ഈ തുക നൽകിയിട്ടില്ല. 2021-22 വർഷത്തിൽ ഇത്തരത്തിലൊരു പ്രവൃത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിട്ടുമില്ല.

വിഭാവനം ചെയ്ത പ്രവൃത്തികൾ ഭാഗികമായി നടത്തി പദ്ധതി അവസാനിപ്പിക്കാനുണ്ടായ സാഹചര്യവും, കരാറുകാരന് ചെയ്ത പ്രവൃത്തിയ്ക്കുള്ള തുക നാളിതുവരെ നൽകാത്തതിന്റെ കാരണവും വിശദീകരിക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. വിഭാവനം ചെയ്ത പദ്ധതികൾ ഭാഗികമായി ചെയ്ത് ഉപേക്ഷിച്ചത് ആവശ്യകതയില്ലാതെയാണ് പദ്ധതികൾ തയ്യാറാക്കുന്നതെന്നതിന് തെളിവാണ്. യഥാർത്ഥ ആവശ്യകതയ്ക്കനുസരിച്ച് മാത്രം വാർഷിക പദ്ധതികൾ തയ്യാറാക്കേണ്ടതും,

തയ്യാറാക്കിയ പദ്ധതികൾ ലക്ഷ്യം കൈവരിക്കും വിധം പൂർത്തീകരിക്കുന്നുണ്ടെന്ന് മോണിറ്ററിംഗ് ചെയ്യേണ്ടതുമാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-27 ബിൽ തുക പിൻവലിക്കുമ്പോൾ പിഴ തുക പിൻവലിക്കുന്നില്ല

ഓഡിറ്റ് കാലയളവിൽ വിവിധ പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലുണ്ടായ കാലതാമസത്തിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ (സഞ്ചിത നിധിയിൽ നിന്നും പിൻവലിക്കുന്നവ)പ്രവൃത്തിയുടെ ആകെ മൂല്യം, പിഴ, നിയമാനുസൃത നികുതികൾ എന്നിവ കണക്കാക്കി, ആകെ മൂല്യതുക ട്രഷറിയിൽ നിന്നും പിൻവലിക്കേണ്ടതും, പിഴ തുക പഞ്ചായത്ത് തനതുഫണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് കാലയളവിൽ ഇത്തരത്തിൽ പിഴ ഈടാക്കിയ സന്ദർഭങ്ങളിൽ പിഴ തുക കുറവു വരുത്തി ബാക്കി തുക മാത്രമാണ് ബിൽ മുഖേന ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു,

| ക്രമ നം | പ്രോജക്ട് പേര്/നമ്പർ | ആകെ പ്രവൃത്തി മൂല്യം | പിഴ തുക | പിൻവലിച്ച തുക |
|---|---|---|---|---|
| 1 | മണ്ണൂർ മൃഗാശുപത്രിയ്ക്ക് ലാബ് സൗകര്യം, 166/21 | 1,36,964 | 1370 | 1,35,594 |
| 2 | പഞ്ചായത്ത് സാംസ്കാരിക നിലയം മെയിന്റനൻസ്, 168/21 | 75,474 | 755 | 74,719 |

മുകളിൽ വിവരിച്ച പ്രകാരം തുക പിൻവലിക്കുന്നതിനാൽ പഞ്ചായത്ത് തനത്ഫണ്ടിന് ലഭിക്കേണ്ട പിഴ വരവ് നഷ്ടപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നു. മേൽ അപാകതയുണ്ടാകാനുള്ള സാഹചര്യം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അറിവില്ലായ്മയാണ് കാരണമെന്നും ഭാവിയിൽ പിഴ തുക തനതുഫണ്ടിൽ ലഭിക്കും വിധം തുക പിൻവലിക്കുന്നതാണന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 പദ്ധതി സമഗ്രമായി തയ്യാറാക്കുന്നില്ല – പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം

2019-20, 2020-21 വർഷങ്ങളിലായി നാലു പദ്ധതികളാണ് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എൽ.പി.ജി.ഗ്യാസ് ശ്മശാനത്തിന്റെ അറ്റകുറ്റ പണികൾക്കായി തയ്യാറാക്കി നടപ്പാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ കൊടുക്കുന്നു,

| ക്രമ നം | പ്രോജക്ട് പേര്/നമ്പർ | അടങ്കൽ/ഫണ്ടിനം | ചെലവ് | പ്രവൃത്തി വിശദാംശം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | എൽ.പി.ജി. ശ്മശാനം ഇന്റർലോക്ക് ചെയ്യൽ, 229/20 | 1,62,930 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 49,931 13/19-20/ 15.7.19 | ശ്മശാനം മുറ്റം ഇന്റർലോക്ക് ചെയ്യൽ, ഗേറ്റ് സ്ഥാപിക്കൽ, പഴയ ചൂള പൊളിച്ചു മാറ്റലും, റൂഫിംഗ് മാറ്റി പണിയലും |
| 2 | എൽ.പി.ജി. ശ്മശാനത്തിൽ അധിക സൗകര്യം ഉണ്ടാക്കൽ, 254/20 | 1,50,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,43,629 8/19-20/ 15.7.19 | സൗന്ദര്യ വത്കരണ പ്രവൃത്തികൾ, ജനലിന്റെ ഇരുമ്പ് നെറ്റ് മാറ്റി അലുമിനിയം പിടിപ്പിക്കൽ എന്നിവ |
| 3 | എൽ.പി.ജി. ശ്മശാനം പൂർത്തീകരണം, 300/20 | 1,71,709 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,71,709 71/20-21/ 12.11.20 | പ്ലാസ്റ്ററിംഗ്, ടൈലിംഗ്, പെയിന്റിംഗ് പ്രവൃത്തികൾ |
| 4 | എൽ.പി.ജി. ശ്മശാനം ചുറ്റുമതിൽ പുതുക്കി പണിയലും, ജനറേറ്റർ സുരക്ഷിതമാക്കലും, 362/21 | 4,50,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3,94,240 122/20-2/ 29.3.21 | ചുറ്റുമതിൽ നിർമ്മാണം, ട്രഫോർഡ് ഷീറ്റ് ഉപയോഗിച്ച് ജനറേറ്റർ റൂം |

| | | | | |
|---|---|---|---|---|
| | | | | നിർമ്മിക്കൽ |

മേൽ പട്ടികയിലെ ആദ്യ രണ്ടു പദ്ധതികൾ സ്പിൽഓവർ പദ്ധതികളാണ്. ഇതിൽ ആദ്യത്തേത് 2017-18ൽ രൂപീകരിച്ചതാണ്. 2019-20ൽ രൂപീകരിച്ച മൂന്നാമത്തെ പ്രവൃത്തി 2020-21ൽ സ്പിൽഓവർ ആയി തുടർന്നു. 2020-21ൽ രൂപീകരിച്ചതാണ് നാലാമത്തെ പദ്ധതി.

2.2.2018ൽ അംഗീകാരം ലഭിച്ച ആദ്യ പദ്ധതി(അടങ്കൽ 350000/-) ടെണ്ടർ ചെയ്ത് മുഹമ്മദ് അബ്ദുൾ ജമാൽ എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചു. കരാറിലേർപ്പെട്ടയുടൻ മുറ്റം ഇന്റർലോക്കിനുള്ള പ്രവൃത്തികൾ ആരംഭിച്ചു. 26.3.18 പൂർത്തീകരിച്ച ഇന്റർലോക്ക് പ്രവൃത്തികളുടെ മൂല്യം കണക്കാക്കി ആദ്യ പാർട്ട് ബിൽ നൽകി (187070/-രൂപ). തുടർന്ന് ഗേറ്റിന്റെ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നത് എട്ടു മാസങ്ങൾ കഴിഞ്ഞ് 5.12.18 മുതൽ 14.1.19 വരെ ദിവസങ്ങളിലാണ്. പട്ടികയിൽ കാണിച്ച ബിൽ പ്രകാരം രണ്ടാമത്തെ പാർട്ട് ബിൽ നൽകി. ബാക്കി പ്രവൃത്തികളായ പഴയ ചൂള പൊളിക്കലും, മേൽക്കൂര മാറ്റുന്ന പ്രവൃത്തിയും തുടങ്ങുന്നത് വീണ്ടും ഒമ്പത് മാസങ്ങൾ കഴിഞ്ഞ് 14.10.19നാണ്. ആകെ പ്രവൃത്തി മൂല്യം 3,47,754/- രൂപ കണക്കാക്കി 1,10,753/-രൂപയുടെ ഫൈനൽ ബിൽ അളവു പുസ്തകത്തിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ കരാറുകാരന് തുക നൽകിയിട്ടില്ല. 2020-21 വർഷത്തിൽ ഈ പദ്ധതി സ്പിൽഓവർ ആയി ഉൾപ്പെട്ടിരുന്നെങ്കിലും ചെലവു നടത്തിയില്ല. 4.11.19 ന് പദ്ധതി പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടും നാളിതുവരെ ഫൈനൽ ബിൽ അനുവദിക്കാത്തതിന്റെ കാരണം വ്യക്തമല്ല. പദ്ധതി 2021-22 വർഷത്തിൽ ഉൾപ്പെട്ടോയെന്ന് വ്യക്തമല്ല. പ്രവൃത്തി പൂർത്തീകരണത്തിനുണ്ടായ അനന്തമായ കാലതാമസത്തിന് കരാറുകാരനെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസവും, മേൽ വിവരങ്ങളും വിശദീകരിക്കേണ്ടതാണ്.

ഈ പദ്ധതിയിൽ പഴയ ആസ്ബറ്റോസ് റൂഫിംഗ് പൊളിച്ചു മാറ്റിയിട്ടുണ്ട്. അളവു പുസ്തകം 67/17-18 പ്രകാരം 41.76m$^2$ ആസ്ബറ്റോസ് ഷീറ്റും, 227Kg ഇരുമ്പ് പൈപ്പുകളും പൊളിച്ചു മാറ്റിയിട്ടുണ്ട്. സ്റ്റീൽ പുനരുപയോഗിക്കാൻ സാധിക്കാത്തവയാണെന്ന് അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി സ്ഥലം 18.1.22ന് നേരിൽ പരിശോധിച്ചപ്പോൾ ഈ സാധനങ്ങളും, മറ്റേതോ അവസരത്തിൽ മാറ്റിയ ജനറേറ്ററിന്റെ ഇരുമ്പ് കവറും ശ്മശാനത്തിൽ ഏതാണ്ട് പൂർണ്ണമായും നശിച്ച അവസ്ഥയിൽ കാണപ്പെട്ടു. പുനരുപയോഗിക്കാൻ സാധിക്കാത്ത ഇവ സ്ക്രാപ്പ് ആയി യഥാസമയം ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടാതിരുന്നത് വിശദീകരിക്കേണ്ടതാണ്.

ഒരു ആസ്തിയിൽ വേണ്ടി വരുന്ന പ്രവൃത്തികൾ/അറ്റകുറ്റ പണികൾ പൂർണ്ണമായി ഉൾക്കൊള്ളിച്ച്/മനസ്സിലാക്കി സമഗ്രമായ പദ്ധതി തയ്യാറാക്കാതിരുന്നത് സർക്കാർ നിർദ്ദേശങ്ങളുടെ

ലംഘനമാണ്. സമഗ്രമായി വലിയ അടങ്കലിൽ പദ്ധതി തയ്യാറാക്കിയരുന്നെങ്കിൽ ടെണ്ടർ നടപടികളിലും കൂടുതൽ മത്സര ക്ഷമത ഉറപ്പു വരുത്താമായിരുന്നു. ആദ്യ പദ്ധതികളെല്ലാം എസ്റ്റിമേറ്റ് റേറ്റിന് കരാറുകാർ ഏറ്റെടുത്തപ്പോൾ, അവസാനമായി തയ്യാറാക്കിയ പദ്ധതിയ്ക്ക് 12.31% ടെണ്ടർ കുറവ് ലഭിച്ചത് ഇതിനു തെളിവാണ്. പദ്ധതി സമഗ്രമായി തയ്യാറാക്കാതെ ചെറിയ അടങ്കലിൽ തയ്യാറാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടതിനു അസി.എഞ്ചിനായർ നൽകിയ മറുപടി "എൽ.പി.ജി ശ്മശാനം സംബന്ധിച്ച സാങ്കേതിക പരിജ്ഞാനമില്ലാത്തത് പദ്ധതി നടത്തിപ്പിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്നും, പ്രവർത്തന സമയത്തുണ്ടാകുന്ന ഓരോ പ്രയാസങ്ങൾക്കും അതതു സമയം തുക വകയിരുത്തേണ്ട സ്ഥിതിയാണുള്ളതെന്നുമാണ്. കടൽകാറ്റേൽക്കുന്നതിനാൽ സാമഗ്രികൾ ദ്രവിച്ചു പോകുന്ന അവസ്ഥയാണെന്നും, കരാറുകാരൻ ബാക്കി തുക ആവശ്യപ്പെടാത്തതിനാലാണ് തുക നൽകാതെ പോയതെന്നും മറുപടിയിൽ വിവരിക്കുന്നു".

ഗ്യാസ് ക്രിമിറ്റോറിയത്തിന്റെ സ്ഥാപന സമയം കൃത്യമായ പഠനങ്ങളില്ലാതെയും (കടൽ തീരത്തു ഗ്യാസ് ഫർണസിന്റെയും അനുബന്ധ സാമഗ്രികളുടേയും സംരക്ഷണം ഉറപ്പു വരുത്തുന്നതുൾപ്പെടെ), ആവശ്യകതകൾ തിരിച്ചറിയാതെയും പദ്ധതി നിർവ്വഹിച്ചതാണ് മേൽ അപാകതകളുടെ പ്രധാന കാരണമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതികളുടെ മോണിറ്ററിംഗ് നടക്കാത്തതും ഇതിനു സാഹചര്യമൊരുക്കി. വാർഷിക പദ്ധതികളുടെ ആസൂത്രണ പ്രക്രിയയിലെ പാളിച്ചയാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. മുകളിൽ വിവരിച്ച വിധം പ്രവൃത്തി നിർവ്വഹണത്തിൽ അനന്തമായ കാലതാമസമുണ്ടായതിനും, കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതിരുന്നതിനും മറുപടി ലഭ്യമാക്കിയിട്ടില്ല. ഇനിയും കരാറുകാരന് നൽകാനുള്ള തുക അനുവദിക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശം അറിയിക്കേണ്ടതും അപാകതകൾക്ക് മറുപടി നൽകേണ്ടതുമാണ്.

## 1-29 ഇ-ടെണ്ടറിൽ പങ്കെടുത്തവരെ തന്നെയാണോ പ്രവൃത്തി ഏൽപ്പിക്കുന്നതെന്ന് ഉറപ്പാക്കുന്നില്ല

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന വിവിധ മരാമത്ത് പ്രവൃത്തികൾക്കായി ഇ-ടെണ്ടർ നടത്തിയതിൽ ചില സ്ഥാപനങ്ങൾ പങ്കെടുക്കുകയും ഈ സ്ഥാപനങ്ങൾക്ക് ടെണ്ടർ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു,

| പ്രവൃത്തി | പങ്കെടുത്ത സ്ഥാപനം | കരാർ ചമച്ച് പ്രവൃത്തി നടത്തിയത് |
|---|---|---|
| ഐ.എസ്.ഒ. പ്രാരംഭ പ്രവർത്തനങ്ങൾ, | എം.എ.അസോസിയേറ്റ്സ് | അബ്ദുൾമൻസൂർ.എം |

| | | |
|---|---|---|
| റിക്കാർഡ് റൂം | | |
| വയോജനപാർക്ക് പൂർത്തീകരണം | ബ്യൂള കൺസ്ട്രക്ഷൻസ് | വിശ്വനാഥൻ.ഒ |

മേൽ പ്രവൃത്തികൾക്കായി സ്ഥാപനങ്ങളാണ് ഇ-ടെണ്ടറിൽ നിരക്ക് ക്വാട്ട് ചെയ്തിരിക്കുന്നതെങ്കിലും, പഞ്ചായത്തിൽ നിന്ന് സെലക്ഷൻ നോട്ടീസ് നൽകി കരാറിലേർപ്പെട്ടിരിക്കുന്നത് കരാറുകാരായ വ്യക്തികളുമായാണ്. ഈ വ്യക്തികളുടേതാണോ പ്രസ്തുത സ്ഥാപനമെന്നോ, സ്ഥാപനം നിയമപരമായി രജിസ്റ്റർ ചെയ്തിട്ടുള്ളതാണോയെന്നും വ്യക്തമല്ല. ബന്ധപ്പെട്ട ഫയലുകളിൽ ഇവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ബിൽ തുക നൽകുന്ന അവസരത്തിൽ കരാറുകാർക്ക് ബാധകമായ 1% ആദായനികുതിയാണ് ഈടാക്കിയിട്ടുള്ളതും.

സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തിട്ടും വ്യക്തികളുമായി കരാർ ചമച്ച് പ്രവൃത്തി നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതും, ടെണ്ടറിൽ പങ്കെടുത്തവർ തന്നെയാണ് പ്രവൃത്തി ഏറ്റെടുത്ത് നടത്തിയതെന്ന് എപ്രകാരം ഉറപ്പാക്കിയെന്നതും വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ടെണ്ടറിൽ പങ്കെടുത്തവർ തന്നെയാണ് പ്രസ്തുത കരാറുകാർ എന്ന് ഉറപ്പാക്കുന്നതിന് ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-30 വൗച്ചറുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ ചെലവിനനുസൃതമായ ഓരോ മാസത്തെയും വൗച്ചറുകൾ സീരിയൽ ഓർഡർ അനുസരിച്ച് ക്രമപ്പെടുത്തി വയ്ക്കേണ്ടതാണ്. വൗച്ചറുകളുമായി ബന്ധപ്പെട്ട രസീതികളും രേഖകളും ഇതോടൊപ്പം തന്നെ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ട് വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. മാത്രമല്ല താഴെ പറയുന്ന വൗച്ചറുകൾ ഹാജരാക്കിയിട്ടുമില്ല.

| മാസം | വൗച്ചർ നമ്പർ |
|---|---|
| ജൂൺ | 22000280 |
| ആഗസ്റ്റ് | 22000430 |
| സെപ്റ്റംബർ | 22000561 |

| | |
|---|---|
| ജനുവരി | 22000979, 22000980, 22000981, 22000990,<br>22000991, 22000992, 22000994, 22000995 |
| ഫെബ്രുവരി | 22001059, 22001060 |
| മാർച്ച് | 22001177, 22001178, 22001179, 22001180, 22001181,<br>22001182, 22001183,<br>22001184, 22001185, 22001186, 22001188, 22001193,<br>22001195,<br>22001197, 22001205, 22001207, 22001208, 22001209,<br>22001210,<br>22001211, 22001212, 22001213, 22001214, 22001216,<br>22001217, 22001302,<br>22001309, 22001310, 22001311, 22001313, 22001314,<br>22001315, 22001316,<br>22001317, 22001330, 22001331, 22001332, 22001333,<br>22001334,<br>22001335, 22001336, 22001337 |

മേൽ പറയുന്ന വൗച്ചറുകൾ, ഉപവൗച്ചറുകൾ എന്നിവ 28.1.22 നകം ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ആഗസ്റ്റ് മാസത്തെ 22000430 നമ്പർ വൗച്ചർ, ഉപവൗച്ചർ എന്നിവ ഹാജരാക്കിയിട്ടുണ്ട്. ബാക്കിയുള്ള വൗച്ചറുകൾ, ഉപവൗച്ചറുകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-31 സർവ്വീസ് ബുക്കിലെ അപാകതകൾ

കടലുണ്ടി ഗ്രാമപഞ്ചായത്തിലെ ക്ലർക്കായ ശ്രീമതി.ബ്രിജുല.വി.സി യുടെ സർവ്വീസ് ബുക്കിൽ ആർജ്ജിതഅവധി കണക്കാക്കിയതിൽ Miscarriage Leave For 45 Days From 11.3.19 To 24.4.19 45 Days എന്നത് കുറവ് ചെയ്തിട്ടില്ല. മാത്രമല്ല KSR Rule 101 പ്രകാരം Miscarriage Leave 42 Days ആണ് അനുവദിക്കാവുന്നത്.

ശ്രീമതി.പ്രജിലകുമാരി.എൻ.ടി യുടെ സർവ്വീസ് ബുക്കിൽ ആർജ്ജിത അവധി കണക്കാക്കിയതിൽ

Miscarriage Leave For 42 Days From 9.10.20 To 19.11.20 എന്നത് Earned Leave Account ൽ കുറവ് ചെയ്തിട്ടില്ല. Period Of Duty 1.4.20 മുതൽ 31.3.21 വരെ 365 Days എന്നാണ് രേഖപ്പെടുത്തിയത്.

സീനിയർ ക്ലർക്ക് ആയ ശ്രീമതി.വിദ്യശ്രീ യുടെ സർവ്വീസ് ബുക്കിൽ 1.4.18 മുതൽ 24.8.18 വരെ Period Of Duty 146 Days ആണ് രേഖപ്പെടുത്തിയത്. 16.7.18 മുതൽ 31.7.18 വരെ 16 ദിവസവും 1.8.18 മുതൽ 24.8.18 വരെ 24 ദിവസവും കൂടി 40 ദിവസത്തെ കമ്മ്യൂട്ടഡ് ലീവ് എടുത്തിട്ടുണ്ട്. എന്നാൽ ആർജ്ജിത അവധി കണക്കാക്കിയതിൽ 40 Days എന്നത് കുറവ് ചെയ്യുന്നതായി രേഖപ്പെടുത്തിയെങ്കിലും യഥാർത്ഥത്തിൽ 20 Days മാത്രമെ കുറവ് ചെയ്തിട്ടുള്ളൂ. അതായത് 146-40=106 എന്നതിനനുസൃതമായി പതിനൊന്നിന് ഒന്ന് എന്ന തോതിൽ 106/11 = 9 7/11 Earned Leave എന്ന് ക്രെഡിറ്റ് ചെയ്യേണ്ടതിന് പകരം 126 Days ന് 11 5/11 എന്ന് കണക്കാക്കിയതിനാൽ 2 2/11 ആർജ്ജിത അവധി അധികമായി ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

സർവ്വീസ് ബുക്ക് പരിപാലിക്കുന്നതിലെ സൂക്ഷ്മതകുറവാണ് ഇത് ചൂണ്ടികാണിക്കുന്നത്. മേൽ 3 സേവന പുസ്തകത്തിലെയും അപാകതകൾ പരിഹരിക്കേണ്ടതാണ്.

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നം./ തിയ്യതി |
|---|---|---|
| 2020-21 | ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

## 4-2 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 85000 | പുനർജനി നെൽകൃഷി കൂലിച്ചെലവ് | 74800 | 10200 |
| | | 2700000 | ലൈഫ് മിഷൻ ഭവന നിർമ്മാണം-രണ്ടാം ഘട്ടം<br>പട്ടികജാതി വിഭാഗം | 0 | 2700000 |
| | | 2000000 | ലൈഫ് മിഷൻ ഭവന നിർമ്മാണം-രണ്ടാം ഘട്ടം<br>ജനറൽ | 1660000 | 340000 |
| | | 600000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 539200 | 60800 |
| | | 1300000 | കോട്ടക്കുന്ന് അങ്കണവാടി കെട്ടിട നിർമ്മാണം | 0 | 1300000 |
| | | 250000 | ക്ഷീര സമൃദ്ധി-പാലിന് സബ്സിഡി(ജനറൽ) | 250000 | 0 |
| ജില്ലാ | 2020-21 | 200000 | മത്സ്യ സഞ്ചാരി - | 0 | 200000 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | അക്വാടൂറിസം സംരംഭം | | |
| | | 2000000 | ലൈഫ് മിഷൻ ഭവന നിർമ്മാണം-രണ്ടാം ഘട്ടം പട്ടികജാതി വിഭാഗം | 0 | 2000000 |
| | | 2000000 | ലൈഫ് മിഷൻ ഭവന നിർമ്മാണം-രണ്ടാം ഘട്ടം ജനറൽ | 0 | 2000000 |
| | | 75000 | ക്ഷീരഗ്രാമം-കറവപശു വിതരണം | 0 | 75000 |
| | | 600000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 539200 | 60800 |
| | | 50000 | ക്ഷീര സമൃദ്ധി-പാലിന് സബ്സിഡി(ജനറൽ) | 50000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/ തിയ്യതി | സാമ്പത്തിക വർഷം | തൻ വർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ തിരിച്ചടവ് | | 2020-21 | | 81,342 | 81342 | | - |
| ലൈഫ് ഭവന പദ്ധതി (കെ.യു. ആർ.ഡി. എഫ്.സി ലോൺ) | | 2020-21 | | 1,07,20,033 | 1332353 | | 93,87,680 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,500 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 3,500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3,500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കോ-ഓപ്പറേറ്റീവ് സ്പിന്നിങ്ങ് മിൽ ലിമിറ്റഡ്, മലപ്പുറം ഓഹരി | | | 1000 | |

| | | | | | |
|---|---|---|---|---|---|
| 2 | കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രി, ഓഹരി | 18.3.1989 | | 2500 | |
| ആകെ | | | | 3,500 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം |
|---|---|---|
| 1999-00, 61(6) | 2003-04, 11.13.2.3 | പൊതു പരാമർശം - വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെട്ടില്ല |
| 1999-00, 42 | 2003-04, 11.13.5.16 | മൈത്രീ ഭവന പദ്ധതി ഉത്തരവാദിത്വം നിറവേറ്റിയില്ല |
| 1999-00, 30,31 | 2003-04, 11.13.7(23).116 | നികുതി പിരിവിൽ അലംഭാവം |
| 2000-01, 7 | 2003-04, 11.14.117 | പൊതു പരാമർശം - കേച്ചേരി മിനി കുടിവെള്ള പദ്ധതി |
| 1999-00, 35<br>47<br>53 | 2003-04, 11.14.119 | 1. ചാലിയം കടവ് ലേലം.<br>2. എ.പി.റോഡ് കരുവൻതുരുത്തി കടവ് റോഡ്.<br>3. ഗുണഭോക്തൃ വിഹിതം ഈടാക്കിയില്ല. |
| 2009-10, 3-8 | 2011-12, 2.7(3),26. | വനിത വ്യവസായ കേന്ദ്രം വൻതുക ചെലവഴിച്ച് നിർമ്മിച്ചത് |

| | | |
|---|---|---|
| | | ഉപയോഗപ്പെടുത്തുന്നില്ല. |
| 2002-03, 2-4 | 2004-05, 3.11.1.4.1.7 | കേസ് വ്യക്തിപരം – ഫീസ് പഞ്ചായത്തിൽ നിന്നും നൽകി |
| | 2014-15, 4.2.9.51 | ആർ. എം. എഫ്. അധികം ഒടുക്കി |
| | 2014-15, 5.7.7.89 | മൃഗാശുപത്രി – വാടക നൽകിയില്ല |
| | 2014-15, 5.7.12.100 | കർഷകർക്ക് പരിശോധനാ കിറ്റ് നൽകിയില്ല |
| | 2014-15, 5.7.12.100 | ഗോരക്ഷാ ക്യാംപ് നടത്തിയില്ല |
| | 2014-15, 5.7.12.101 | സംസ്ഥാന വിഹിതം ലഭ്യമാക്കുന്നതിൽ കാലതാമസം |
| | 2014-15, 5.7.12.106 | തെരുവു വിളക്കുകളുടെ കണക്കെടുപ്പ് നടത്തിയില്ല |
| 2014-15, 3-31 | 2016-17, 4.2.1.49 | പുറമ്പോക്ക് സംരക്ഷണം – അപാകതകൾ |
| 2014-15, 2-5 | 2016-17, അനുബന്ധം - 4 | തൊഴിൽ നികുതി – അപാകതകൾ |
| 2015-16, 2-6 | 2016-17, അനുബന്ധം -5 | തൊഴിൽ നികുതി – അപാകതകൾ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

### (എ) ചാർജ് നടപടികളുടെ വിവരം

ഇല്ല

### (ബി) സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോ | സർചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക (രസീ | റവന്യൂ റിക്കവറി നടപടിയിലൂ | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഗിക സ്ഥാനം, ഭരണ വകുപ്പ് | നമ്പരും തീയ തിയും | തുക | ത് ന മ്പർ/ തീയ തി) | ടെ ഈ ടാ ക്കി യ തുക (തീ യ തി) | ഉൾ പ്പെട്ട തു ക | ഈ ടാ ക്കി യ തു ക | | ബാ ധ്യ ത | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 14 | T.T.K Balan, Secretary | LF.9086/ Spl Cell. SC4/2001 Dt. 3.10.02, 22.10.02 | 3091 | - | - | - | - | - | - | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,66,94,979 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,29,46,678 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,35,485 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 312500 | ശ്രീ.ആനന്ദ്.എം,<br>വെറ്റിനറി സർജൻ |
| 1-22 | 500000 | ശ്രീ.ഫാസിൽ ഷാ.ഐ,<br>സെക്രട്ടറി |
| 1-25 | 22985 | ശ്രീ.വി.എൻ.അഷ്റഫ്<br>അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1992-93 & 1993-94 | എൽ.എഫ്.എസ്.2/1535/1995, 09.04.1999 | 1 | 7 |
| 1995-96 | എൽ.എഫ്.കെ.കെ.ഡി.പി.2/ 188/ 2011(7), 26.04.2011 | 2 | 28,29 |
| 1996-97 | എൽ.എഫ്.കെ.കെ.ഡി.പി.2/ 105/ 2012(1), 10.05.2012 | 1 | 21 |

| | | | |
|---|---|---|---|
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി.2/ 105/ 2012(2), 10.05.2012 | 5 | 10, 14, 23, 24,2 8 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി.2/ 105/ 2012(3), 10.05.2012 | 7 | 30 38, 39, 40, 41, 44, 45 |
| 2000-01 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.പി.2/ 514/ 2012, 14.11.2012 | 7 | 6, 7, 10, 11(2), (3), 12,19 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി.2/ 514/ 2012(1), 14.11.2012 | 8 | 2-4, 2-5, 2-6, 3-3, 3-5, 3-9, 3-10, 3-11, 3-12 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി.2/ 514/ 2012(2), 14.11.2012 | 4 | 2-1, 3-1, 3-4, 3-6 |
| 2001-02 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.എസ്.1/ 1079/ 2003, 01.01.2004 | 1 | |
| 2002-03 (വരവ്) | എൽ.എഫ്.കെ.കെ.ഡി.പി.2/ 514/ 2012(6), 15.03.2013 | 1 | 2-2 |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി.പി.2/ 514/ 2012(5), 15.03.2013 | 11 | 2-1, 2-4, 2-4A, 2-4C,9, 10, 11, 13(1), 14, 18, 19 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി.2/ 1709/ 2012, 06.04.2013 | 7 | 2-1, 2-3, 3-1, 3-2, 3-3, 3-4, 3-8B |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി.2/ 1710/2012, 22.04.2013 | 13 | 2-1, 3-4, 3-7, 3-11, 3-13, 3-15, 3-16, 3-17 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി.2/ 1711/2012, 11.06.2013 | 2 | 3-3,4-5 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി.2/ 1130/2015, 29.10.2015 | 19 | 2-6, 2-8, 2-12, 3-1,3-2,3-3,3-9, 3-10, 3-11, 3-13, 3-15, 3-16, 3-19, 3-20, 3-23, 3-24, 3-25,4-3, 4-4 |

| | | | |
|---|---|---|---|
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി.2/ 184(2)/2015, 19.06.2015 | 23 | 2-8, 2-9, 2-10, 2-11, 3-2, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-16, 3-18, 3-19, 3-20, 3-21, 3-22, 3-26, 3-27, 4-2, 4-3 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി.2/ 62/2015, 01.07.2013 | 11 | 28,29 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.2/ 184(3)/2015, 19.06.2015 | 09 | 3-2, 3-5, 3-6, 3-7, 3-8, 4-3, 4-4 4-7, |
| 2010-11 & 2011-12 | എൽ.എഫ്.കെ.കെ.ഡി.പി.2/ 599/2015, 15.05.2015 | 13 | 1-5, 2-3, 3-3, 3-5, 3-8, 3-11, 3-13, 3-16, 3-18, 3-19, 3-20, 3-22 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി.2/ 62/2015, 10.04.2015 | 1 | 14 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി. പി.2/314/16 /13.5.2016 | 32 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 3-1,3-2,3-3, 3-4, 3-5, 3-6, 3-7, 3-8,3-9,3-11, 3-12, 3-14, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-26, 3-27, 3-31, 3-34, 4-1 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി.11/2076/16 | 25 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 2-9, 3-1, 3-2,3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16 |

| | | | |
|---|---|---|---|
| 2016-17 | കെ.എസ്.എ.കെ.കെ.ഡി. പി.11/1635/17 തീയതി 11.8.2017 | 24 | 1-10, 2-1, 2-2, 2-3,(1), 2-3(2), 2-4,2-5,2-6, 2-7, 3-2, 3 -4, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-12, 3-13, 3-14, 3-16, 4-9 |
| 2017-18 | | | |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി. പി.8/536/20 തീയതി 14.9.20 | 24 | 1-12(1) (4) (6) (10) (15)(16)(17),1-13(1)(2), 1-13(3), 1-13-5, 1-13-6, 1-13-7, 1-14-1, 1-14-2, 1-14-3, 1-14-4, 1-14-5, 1-14-6, 1-14-7, 1-14-8, 1-14-10, 1-14-14, 1-14-15(1),(2), 1-14-16, 1-14-17, 3-1, 3-2, 3-3, 3-4, 4-10 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്